കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ന്യൂ മാഹി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ/കെഎൻആർ/സി.9/1811/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 19/12/2024
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ന്യൂ മാഹി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ന്യൂ മാഹി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ന്യൂ മാഹി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ/കെഎൻആർ/സി.9/1811/2024 തീയ്യതി: 19/12/2024

കണ്ണൂർ ജില്ലയിലെ ന്യൂ മാഹി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ന്യൂ മാഹി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 15-12-2023 മുതൽ 26-11-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 05-12-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. ജ്യോതിഷ് കുമാർ. സി.വി.	ഡെപ്യൂട്ടി ഡയറക്ടർ	27-11-2024	05-12-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
27-11-2024	05-12-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ വിനീത് കുമാർ കെ.പി., ഓഡിറ്റ് ഓഫീസർ,
ശ്രീമതി ഷിജില വി.ഡി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീ ലതീഷ് കുമാർ കെ.കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീമതി ശാലിനി പി.എം., സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)

ശ്രീമതി സെയ്ത്ത എം.കെ.	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീമതി ലസിത കെ.എ.	സെക്രട്ടറി	01-04-2023	19-11-2023
ശ്രീ അനിൽകുമാർ എം.(അസി.സെക്രട്ടറി)	സെക്രട്ടറി-ഇൻ-ചാർജ്ജ്	20-11-2023	08-12-2023
ശ്രീമതി ലസിത കെ.എ.	സെക്രട്ടറി	09-12-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി രശ്മി എം.ബി.	കൃഷിഓഫീസർ	01-04-2023	31-10-2023
ശ്രീ അജീഷ് വി.വി.	കൃഷിഓഫീസർ	01-11-2023	07-11-2023
ശ്രീ രാഹുൽ ടി.ആർ.	കൃഷിഓഫീസർ	08-11-2023	31-03-2024
ശ്രീമതി പ്രിയ വി.	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	15-07-2023
ശ്രീമതി ഭവ്യ ടി.(ഓവർസിയർ)	അസിസ്റ്റന്റ് എഞ്ചിനീയർ-ഇൻ-ചാർജ്ജ്	16-07-2023	03-09-2023
ശ്രീമതി ശില്പ ജസ്റ്റസ്	അസിസ്റ്റന്റ് എഞ്ചിനീയർ	04-09-2023	31-03-2024
ഡോ.രോഷ്ന രവീന്ദ്രൻ	മെഡിക്കൽ ഓഫീസർ(FHC)	01-04-2023	05-07-2023
ഡോ.അതുല്യ	മെഡിക്കൽ ഓഫീസർ(FHC)	06-07-2023	07-09-2023
ഡോ.സാഹിന എ.കെ.	മെഡിക്കൽ ഓഫീസർ(FHC)	08-09-2023	31-03-2024
ഡോ.സന്തോഷ് കുമാർ ടി.വി.	മെഡിക്കൽ ഓഫീസർ(ആയുർവ്വേദം)	01-04-2023	23-08-2023
ഡോ.ഡിജോ ജോസ്	മെഡിക്കൽ ഓഫീസർ(ആയുർവ്വേദം)	24-08-2023	31-03-2024
ഡോ. സീമ	മെഡിക്കൽ ഓഫീസർ(ഹോമിയോ)	01-04-2023	10-07-2023
ഡോ.അനുഷ ഇ.വി.	മെഡിക്കൽ ഓഫീസർ(ഹോമിയോ)	11-07-2023	31-03-2024
ഡോ.സുജയ് മോഹൻദാസ്	വെറ്റിനറി സർജൻ	01-04-2023	31-03-2024
ശ്രീമതി രമ കുറ്റിക്കാട്ടിൽ	ICDS സൂപ്പർവൈസർ	01-04-2023	31-03-2024
ശ്രീ സുഭാഷ്.എസ്.എൻ	ഡയറിഫാം ഇൻസ്ട്രക്ടർ	01-04-2023	31-03-2024
ശ്രീ അരുൺ ജിതേഷ് ആർ.	അസിസ്റ്റന്റ് സെക്രട്ടറി	01-04-2023	19-07-2023
ശ്രീ രാധാകൃഷ്ണൻ എം.(ഹെഡ്ക്ലർക്ക്)	അസിസ്റ്റന്റ് സെക്രട്ടറി-ഇൻ-ചാർജ്ജ്	20-07-2023	02-08-2023
ശ്രീ അനിൽ കുമാർ എം.	അസിസ്റ്റന്റ് സെക്രട്ടറി	03-08-2023	31-03-2024
ശ്രീ രഞ്ജിത്ത് കുമാർ എം.	ഹെഡ്മാസ്റ്റർ	01-04-2023	02-06-2023
ശ്രീ സജീവ് ടി.കെ.	ഹെഡ്മാസ്റ്റർ	03-06-2023	31-07-2023
ശ്രീ ഭരതൻ കെ.	ഹെഡ്മാസ്റ്റർ	01-08-2023	31-03-2024
ശ്രീമതി റെജി ജ്ഞോളി	വി.ഇ.ഒ (കുറിച്ചിയിൽ)	01-04-2023	12-07-2023
ശ്രീമതി അനുശ്രീ സദാനന്ദൻ എം.	വി.ഇ.ഒ (കുറിച്ചിയിൽ)	13-07-2023	21-07-2023
ശ്രീമതി ബിഷ ടി.പി.	വി.ഇ.ഒ (കുറിച്ചിയിൽ)	22-07-2023	31-03-2024
ശ്രീമതി രസിത കെ.എം.	വി.ഇ.ഒ (ന്യൂമാഹി)	01-04-2023	12-07-2023
ശ്രീമതി അനുശ്രീ സദാനന്ദൻ എം.	വി.ഇ.ഒ (ന്യൂമാഹി)	13-07-2023	31-03-2024
ശ്രീമതി സരിത കെ.വി.	ഫിഷറീസ് സബ് ഇൻസ്പെക്ടർ	01-04-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്.	1-1
2	ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല	1-1-1
3	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല	1-1-2
4	CFC Grant - B-17 ഷെഡ്യൂൾ പ്രകാരമുള്ള തുക B-4 ഷെഡ്യൂളിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല	1-1-3
5	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല	1-1-4
6	ടെണ്ടർ ഫോറം സെയിൽ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല	1-1-5
7	ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ കാലികമാക്കിയിട്ടില്ല	1-1-6
8	ബി-9 ഷെഡ്യൂളിൽ സ്റ്റേയിൽ ചെക്ക് ഇനത്തിലുള്ള തുക പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല	1-1-7
9	ലോൺ ഇനത്തിലുള്ള മുന്നിരിപ്പ് നീക്കിയിരിപ്പ് തുകകൾ വാർഷിക ധനകാര്യ പത്രിക, ലോൺ രജിസ്റ്റർ എന്നിവയുമായി പൊരുത്തപ്പെടുന്നില്ല	1-1-8
10	Capital Work In Progress ശീർഷകത്തിൽ ഉൾപ്പെടുത്തിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.	1-1-9
11	അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.	1-1-10
12	ബജറ്റ്	1-2
13	സാമ്പത്തീകവിശകലനം(റസീറ്റ് & പേമെന്റ് പ്രകാരം)	1-3
14	ഫണ്ട് വിനിയോഗം	1-4
15	പദ്ധതി അവലോകനം	1-5
16	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	1-6
17	ക്ഷേമപദ്ധതികൾ	1-7
18	ക്യാഷ് പരിശോധന	1-8
19	ആഭ്യന്തരനിയന്ത്രണം	1-9
20	ഗ്രാമസഭ	1-10
21	വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തീകരിച്ചില്ല	1-11
22	വസ്തുനികുതി -അനർഹമായി മേഖല ഇളവ് അനുവദിച്ചു.	1-12
23	വസ്തു നികുതി നിർണ്ണയം - തെറ്റായ ഉപവിഭാഗത്തിൽപ്പെടുത്തി നികുതി നിർണ്ണയിച്ചു.	1-13
24	സർക്കാർ അംഗീകൃതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും (അൺ എയ്ഡഡ്) വസ്തു നികുതി ഈടാക്കേണ്ടതാണ്.	1-14
25	ജിംനേഷ്യങ്ങൾ, ടർഫുകൾ എന്നിവിടങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല.	1-15
26	എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് - അപാകങ്ങൾ	1-16
27	തൊഴിൽ നികുതി അടവാക്കുന്നതിൽ കാലതാമസം - പിഴ ഈടാക്കിയിട്ടില്ല	1-17
28	എം.മുകുന്ദൻ പാർക്കിൽ നിന്ന് വിനോദ നികുതി ഈടാക്കിയില്ല	1-18
29	ജലസേചന പമ്പ്സെറ്റ് വിതരണം-പദ്ധതി രേഖകൾ ലഭ്യമാക്കാത്തവർക്ക് ആനുകൂല്യം നൽകി ₹30000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-19
30	കൃഷി ഭവനിലേക്ക് കമ്പ്യൂട്ടർ പ്രിന്റർ അനുബന്ധസൗകര്യങ്ങൾ ഒരുക്കൽ - ഉപകരണങ്ങൾ ലഭ്യമായില്ല, ₹74992 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-20
31	ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മറ്റികളുടെ വരവു ചെലവു കണക്കുകൾ ഹാജരാക്കിയിട്ടില്ല.	1-21
32	വനിതകൾക്ക് മെൻസ്ട്രുവൽ കപ്പ് വിതരണം, ബോധവൽക്കരണം പദ്ധതിയിലെ അപാകങ്ങൾ - ₹149996 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-22
33	പത്താമുദയം – സമ്പൂർണ്ണ സെക്കണ്ടറി വിദ്യാഭ്യാസ ജില്ല - രേഖകൾ ലഭ്യമാക്കിയില്ല -₹38850 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-23

34	തുടർ സാക്ഷരത പ്രവർത്തനങ്ങൾ -രേഖകൾ ലഭ്യമാക്കിയില്ല ₹ 20,200 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-24
35	കാലിത്തീറ്റ വിതരണം - ക്ഷീര കർഷകർക്ക് വിപണി വിലയിൽ അധികരിച്ച് കാലിത്തീറ്റ വിതരണം ചെയ്തു.	1-25
36	തെരുവ് വിളക്ക് മെയിന്റനൻസ് എ.എംസി നല്കൽ-ആദായനികുതി ഈടാക്കിയിട്ടില്ല	1-26
37	ജി.ഐ.എസ് മാപ്പിംഗ് - പദ്ധതി നിർവ്വഹണ പുരോഗതി അറിയിക്കേണ്ടതാണ്	1-27
38	ഐ കെ എം ന് മെമ്പർഷിപ്പ് ഫീസ് - വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല ₹9,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-28
39	എ.ബി.സി പദ്ധതിക്ക് തുക നല്കൽ - വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-29
40	ഐ.കെ എം വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല -₹80195 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-30
41	പലിശ രഹിത അക്കൗണ്ടിലലെ നീക്കിയിരിപ്പ് തുക എസ്.ബി അക്കൗണ്ടിലേക്ക് മാറ്റേണ്ടതാണ്	1-31
42	മാലിന്യ ശേഖരണവും സംസ്കരണവും - അവലോകനം	1-32
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
--- No Records Found ---		
ഭാഗം **4**		
1	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെവിവരം	4-1
2	സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിവരങ്ങൾ	4-2
3	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ്	4-4
5	വായ്പ/വായ്പാതിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-8
9	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	ധനകാര്യപത്രികകൾ	

ഭാഗം –1

പൊതു അവലോകനം

1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്.

കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് നൂമാഹി ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 20-06-2024 ലെ 99/2024 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 18-07-2024 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള നൂമാഹി ഗ്രാമ പഞ്ചായത്തിന്റെ മാർച്ച്, 2024ൽ അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, നൂമാഹി ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കണ്ണൂർ, ഡെപ്യൂട്ടി ഡയറക്ടർ,

തീയതി: 19-12-2024. ജില്ലാ ഓഡിറ്റ് കാര്യാലയം,

കണ്ണൂർ

1–1–1 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നിക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹-2334995 യാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹3147725 യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം ഈ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1–1–2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

(I) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(എഫ്) പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.ചട്ടം 62 (ഇ) പ്രകാരമുള്ള പ്രധാന അക്കൗണ്ട് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ തുടങ്ങിയവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

(Ii) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക ധനകാര്യ പത്രികയിലെ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

(lii) തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുന്ന B1 ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.
(lv)വാർഷിക കണക്കുകളിലെ പൊരുത്തക്കേട് സംബന്ധിച്ച് കുറിപ്പുകൾ (Notes On Accounts) തയ്യാറാക്കിയിട്ടില്ല.

1-1-3 CFC Grant - B-17 ഷെഡ്യൂൾ പ്രകാരമുള്ള തുക B-4 ഷെഡ്യൂളിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല

CFC Grant - B-17 ഷെഡ്യൂൾ പ്രകാരമുള്ള തുക (₹5307350) B-4 ഷെഡ്യൂൾ പ്രകാരമുള്ള തുകയുമായി (₹3807793) പൊരുത്തപ്പെടുന്നില്ല.

1-1-4 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ -2011, ചട്ടം 80 ൽ പരാമർശിച്ചതനുസരിച്ചുള്ളതും B-11 ഷെഡ്യൂളിൽ പരാമർശിച്ചതുമായ ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന മാതൃകയിലുള്ള ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1-1-5 ടെണ്ടർ ഫോറം സെയിൽ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

RP 5 ഷെഡ്യൂൾ പ്രകാരം ടെൻഡർ ഫോറം വിൽപന ഇനത്തിൽ 129,315 രൂപ വരവ് വന്നിട്ടുണ്ട്. എന്നാൽ ടെൻഡർ ഫോറം സെയിൽസ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1-1-6 ക്യാപിറ്റൽ കോൺട്രിബ്യൂഷൻ കാലികമാക്കിയിട്ടില്ല

സ്ഥാപനത്തിന് ഗ്രാന്റ് ആയി ലഭിച്ച തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക Capital Contribution (B-3) ശീർഷകത്തിലേക്ക് മാറ്റിയതായി കാണുന്നില്ല. കഴിഞ്ഞ വർഷത്തെ തുക തന്നെയാണ് ഈ വർഷവും കാണിച്ചിട്ടുള്ളത് (₹22619597)

1-1-7 ബി-9 ഷെഡ്യൂളിൽ സ്റ്റെയിൽ ചെക്ക് ഇനത്തിലുള്ള തുക പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല

ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ (350800101) ലയബിലിറ്റി ഇൻ റെസ്പെക്ട് ഓഫ് സ്റ്റെറെയിൽ ചെക്ക് എന്ന ഇനത്തിൽ ഉൾപ്പെടുത്തിയ 55372 രൂപ 2020-21 വർഷം മുതലുള്ള അൺക്യാഷ്ഡ് ചെക്കാണ്. 3 വർഷ കാലാവധി കഴിഞ്ഞ പ്രസ്തുത തുക തനത് ഫണ്ട് അക്കൗണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

1-1-8 ലോൺ ഇനത്തിലുള്ള മുന്നിരിപ്പ് നിക്കിയിരിപ്പ് തുകകൾ വാർഷിക ധനകാര്യ പത്രിക, ലോൺ രജിസ്റ്റർ എന്നിവയുമായി പൊരുത്തപ്പെടുന്നില്ല

ലോൺ ഇനത്തിലുള്ള മുന്നിരിപ്പ്, നീക്കിയിരിപ്പ് തുകകൾ വാർഷിക ധനകാര്യ പത്രിക, ലോൺ രജിസ്റ്റർ എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. ലൈഫ് ലോൺ വായ്പ എസ്.സി.പി ഫണ്ടിനത്തിൽ 2022-23 വർഷം ഉറവിടത്തിൽ നിന്നും കുറവു വരുത്തിയ₹13950 ഉൾപ്പെടെയുള്ള തുകയാണ് ബി.5 ൽ നീക്കിയിരിപ്പ് കാണിച്ചിരിക്കുന്നത്. ആയത് ജേണൽ ചെയ്ത് ക്രമീകരിക്കേണ്ടതാണ്.

1-1-9 Capital Work In Progress ശീർഷകത്തിൽ ഉൾപ്പെടുത്തിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

B-11(b) Capital Work In Progress എന്ന ശീർഷകത്തിൽ കഴിഞ്ഞ വർഷത്തെ അതേ തുക (₹412394) തന്നെയാണ് ഈ വർഷവും കാണിച്ചിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

1-1-10 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യത്യാസത്തിനനുസരിച്ചും ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. ഉദാഹരണം വസ്തു നികുതി, വാടക വരവ്, ലൈസൻസ് ഫീ മുതലായവ.

1-2 ബജറ്റ്

വർഷം	2023-24	
	ബജറ്റ് പ്രകാരം	പുതുക്കിയ ബജറ്റ് പ്രകാരം
തീരുമാനം നമ്പർ / തീയ്യതി	71/2023 Dt.23/03/2023	31/2024 Dt.15/02/2024

മുന്നിരിപ്പ്	4190771	14356398
വരവ്	138424000	134674529
ആകെ	142614771	149030927
ചെലവ്	140299898	145631898
നീക്കിയിരിപ്പ്	2314873	3399029

1-3 സാമ്പത്തികവിശകലനം(റസീറ്റ് & പേമെന്റ് പ്രകാരം)

മുന്നിരിപ്പ്	₹2,05,05,676
വരവ്	₹2,82,55,142
ആകെ	₹4,87,60,818
ചെലവ്	₹3,05,90,137
നീക്കിയിരിപ്പ്	₹1,81,70,681
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം-ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസപ്പെടുത്തിയ തുക	₹13,94,233

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക
വികസന ഫണ്ട് -ജനറൽ	0	17745000	17745000	12726383	5018617
വികസന ഫണ്ട് -എസ്.സി.പി	0	394000	394000	263092	130908
മെയിന്റനൻസ്, റോഡ്	0	4796000	4796000	1551295	3244705
മെയിന്റനൻസ്, നോൺ റോഡ്	0	1697400	1697400	1498806	198594
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ്	24,29,624	2203500	4633124	1956739	2676385
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ബേസിക്ക്	3,09,732	2938000	3247732	2116266	1131466
നഗര സഞ്ചയ ഗ്രാന്റ്	0	1173680	1173680	1173680	0
പി എച്ച് സി വെൽനസ്	60842	321016	381858	159999	221859
പി എച്ച് സി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ	73,370	736313	809683	413227	396456
ഐ സി ഡി എസ് -ബോർഡ് സ്ഥാപിക്കൽ	19,021	0	19021	0	19021
ഐ സി ഡി എസ്	9,77,968	766907	1744875	780706	964169
ശുചിത്വ മിഷൻ	4,63,332	408917	872249	408917	463332

എം പി ഫണ്ട്	2,615	693938	696553	696553	0
മറ്റു ഗവ ഏജൻസി	53,000	0	53000	0	53000
ടോട്ടൽ സാനിറ്റേഷൻ സ്കീം	950	152338	152338	152338	950
തൊഴിലുറപ്പ് പദ്ധതി	2,453	4680927	4683380	4683038	342

1-5 പദ്ധതി അവലോകനം

പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത്(എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ചവ (എണ്ണം)	പൂർത്തീകരിച്ചവ(%)
176	59161895	123	28866976	29	53	94	53.4

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

ക്രമ നമ്പർ	നിർവ്വഹണ ഉദ്യോഗസ്ഥർ	പ്രോജക്ടുകളുടെ എണ്ണം		ആകെ അടങ്കൽ	ചെലവഴിച്ച തുക	ചെലവ് %
		ഏറ്റെടുത്തത്	നടപ്പിലാക്കിയത്			
1	സെക്രട്ടറി	45	29	15991554	6905945	45.85
2	അസിസ്റ്റന്റ് സെക്രട്ടറി	7	4	1235000	242154	19.6
3	അസിസ്റ്റന്റ് എഞ്ചിനീയർ	49	24	20745725	7090012	34.17
4	കൃഷി ഓഫീസർ	8	7	1124834	1074826	95.55
5	വി.ഇ.ഒ. (കുറിച്ചിയിൽ)	9	9	2388640	1751434	73.32
6	വി.ഇ.ഒ.(നൃമാഹി)	5	4	5166931	2891023	55.95
7	മെഡിക്കൽ ഓഫീസർ (FHC)	17	14	5614634	3097428	55.17
8	മെഡിക്കൽ ഓഫീസർ (ഹോമിയോ)	2	2	225000	222228	98.77
9	മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)	4	4	555000	524149	94.44
10	വെറ്റിനറി സർജൻ	5	5	227700	203867	89.53
11	ICDS സൂപ്പർവൈസർ	10	8	2898266	2224492	76.75
12	ഡയറി ഫാം ഇൻസ്ട്രക്ടർ	2	2	207826	176133	84.75
13	ഹെഡ് മാസ്റ്റർ	8	6	1013457	700751	69.14
14	ഫിഷറീസ് സബ് ഇൻസ്പെക്ടർ	5	5	1767328	1762534	99.73
	ആകെ	176	123	59161895	28866976	48.79

1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണചെലവുകൾ	2453	401975	404428	404086	342
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് (മെറ്റീരിയൽ കോസ്റ്റ് ഉൾപ്പെടെ)	0	4278952	4278952	4278952	0
ആകെ	2453	4680927	4683380	4683038	342

1-7 ക്ഷേമപദ്ധതികൾ

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക (₹)	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളി പെൻഷൻ	155200	11
തൊഴിൽ രഹിത വേതനം	0	0
വിധവാ പെൻഷൻ	8078200	610
വാർദ്ധക്യകാല പെൻഷൻ	19030600	1479
വികലാംഗ പെൻഷൻ	2373000	177
അവിവാഹിത പെൻഷൻ	1378000	102
വിവാഹ ധനസഹായം	90000	3

1-8 ക്യാഷ് പരിശോധന

കണ്ണൂർ ജില്ലയിലെ ന്യൂമാഹി ഗ്രാമപഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരം 27.11.2024 തീയതി 12.00 Pm ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ ക്യാഷ് ബാലൻസ് പരിശോധന നടത്തുകയുണ്ടായി. ക്യാഷ് ബാലൻസ് തുക 240 രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണയിച്ചുകൊണ്ടുള്ള വിശദമായ ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. സ്റ്റാഫ് മീറ്റിംഗുകൾ ചേർന്ന് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തി അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഫീസ് മീറ്റിംഗുകളിൽ നികുതികൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി, ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനം എന്നിവ വിലയിരുത്തുകയും പൊതുജനങ്ങൾക്ക് കാലതാമസമില്ലാതെ സേവനങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്.

1-10 ഗ്രാമസഭ

ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലും 2023-24 വർഷം ഗ്രാമസഭകൾ 2 തവണ വീതം യോഗം ചേർന്നിട്ടുണ്ട്. 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അവതരണം, 2022-23 വർഷത്തെ വിവിധ പദ്ധതികളുടെ ഗുണഭോക്തൃലിസ്റ്റിന് സാധൂകരണം നൽകൽ, 2022-23 വർഷത്തെ വരവുചെലവുകണക്കുകൾ അംഗീകരിക്കൽ, 2023-24 വർഷത്തെ റിവിഷൻ പദ്ധതികൾക്ക് സാധൂകരണം നൽകൽ, പദ്ധതി അവലോകനം, 2024-25 വർഷത്തെ വാർഷിക പദ്ധതി രൂപീകരണം, 2023-24 വാർഷിക പദ്ധതി ഗുണഭോക്താക്കളെ അംഗീകരിക്കൽ, എം.ജി.എൻ.ആർ.ഇ.ജി.എസ് വാർഷിക കർമ്മപദ്ധതി അംഗീകരിക്കൽ, ഗുണഭോക്താക്കളെ അംഗീകരിക്കൽ, 2024-25 വർഷത്തെ ലേബർ ബജറ്റും ആക്ഷൻ പ്ലാനും അംഗീകരിക്കൽ, മാലിന്യമുക്ത കേമ്പയിൻ പ്രവർത്തനങ്ങൾ, സാമൂഹ്യസുരക്ഷാപെൻഷൻ ഗുണഭോക്താക്കളെ അംഗീകരിക്കൽ തുടങ്ങിയവ അജണ്ടയിൽ ഉൾപ്പെടുത്തുകയും, മിനുട്സിൽ നിർദ്ദേശങ്ങളും തീരുമാനങ്ങളും രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

1-11 വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തീകരിച്ചില്ല

22.03.2023-ലെ സ.ഉ(കൈ)നം.77/2023/തസ്വഭവ പ്രകാരം 01.04.2023 പ്രാബല്യത്തിൽ നിലവിലുള്ള നികുതിദായകരുടെയും പുതിയ നികുതിദായകരുടെയും വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ ഫീൽഡ് പരിശോധന നടത്തി സഞ്ചയ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ഈ വിവരങ്ങളുടെയും 9 ബി ഫാറം ലഭിച്ചതിന്റെയും അടിസ്ഥാനത്തിൽ അധികനിർമ്മാണം നടത്തിയത് മുതലും ഘടനാപരമായും ഉപയോഗക്രമത്തിലും ഉൾപ്പെടെയുള്ള മാറ്റം വന്ന കാലം മുതലും നികുതി പുനർനിർണ്ണയിക്കേണ്ടതുമുണ്ട്. ഇതിനാവശ്യമായ പരിശോധനകൾ എത്രയും വേഗം പൂർത്തീകരിക്കാൻ പ്രസ്തുത ഉത്തരവിൽ നിർദ്ദേശിക്കുന്നുമുണ്ട്. കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരിക്കുന്നതിന് വേണ്ടി ഗ്രാമപഞ്ചായത്ത് തലത്തിൽ ഇതുവരെ സ്വീകരിച്ച നടപടിക്രമങ്ങളുടെ വിവരവും പുരോഗതി വിവരവും ലഭ്യമാക്കുന്നതിനായി 29.11.2024-ന് നൽകിയ 8-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റിയുമായി കരാറിൽ ഏർപ്പെട്ട് ഡാറ്റാ കളക്ഷൻ പൂർത്തീകരിച്ച് ശേഖരിച്ച മുഴുവൻ ഡാറ്റയും സംസ്ഥാന സർക്കാറിന്റെ കീഴിലുള്ള സ്റ്റേറ്റ് ഡാറ്റാ സെന്റർ സെർവറിൽ സ്റ്റോർ ചെയ്യുകയും പ്രസ്തുത സെർവറിൽ ഹോസ്റ്റ് ചെയ്തിരിക്കുന്ന വെബ് പോർട്ടൽ വഴി ആയത് പഞ്ചായത്തിന് ലഭ്യമാക്കിയിട്ടുണ്ടെന്നും സഞ്ചയസോഫ്റ്റ് വെയറിൽ ക്രമീകരണം ഏർപ്പെടുത്തുന്ന മുറയ്ക്ക് വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തിയാക്കുന്നതാണ് എന്നും അറിയിട്ടിട്ടുണ്ട്. ഐ.കെ.എം ആയി ബന്ധപ്പെട്ട് സഞ്ചയ സോഫ്റ്റ് വെയറിൽ ആവശ്യമായ ക്രമീകരണം നടത്തി വസ്തു നികുതി പരിഷ്കരണ നടപടികൾ എത്രയും പെട്ടെന്ന് പൂർത്തീകരിച്ച് വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ്.

1-12 വസ്തുനികുതി -അനർഹമായി മേഖല ഇളവ് അനുവദിച്ചു.

നൂമാഹി ഗ്രാമ പഞ്ചായത്തിലെ കെട്ടിടങ്ങളുടെ മേഖല തരംതിരിവ് സംബന്ധിച്ച 27.09.2023 ലെ എ3-1783/2023 നമ്പർ വിജ്ഞാപനം,സഞ്ചയ സോഫ്റ്റ് വെയർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചപ്പോൾ അനർഹമായി മേഖലാ ഇളവ്(10%) അനുവദിച്ചിട്ടുണ്ട്.

ക്രമ നമ്പർ	വാർഡ്/കെട്ടിട നമ്പർ	ഉടമസ്ഥൻ	തറവിസ്തീർണം (ച. മീ)	ഫോം 6 പ്രകാരമുള്ള മേഖല	പഞ്ചായത്ത് വിജ്ഞാപന പ്രകാരം ഉൾപ്പെടുത്തേണ്ട മേഖല
1	II/23A	നസീമ പുതിയ വീട്ടിൽ	248.64	ദ്വിതീയം (5 മീറ്ററോ അതിൽ കൂടുതലോ ഉള്ള കരീകുന്ന് റോഡിന് സമീപം)	പ്രഥമം
2	II/17A	ഉരുപുറത്ത് വളപ്പിൽ സുധീഷ്	203.52	ദ്വിതീയം (5 മീറ്ററോ അതിൽ കൂടുതലോ ഉള്ളകരീകുന്ന് റോഡിന് സമീപം)	പ്രഥമം
3	XII/216B	അശ്വത്ത്.എം.കെ	279.15	തൃതീയം (5 മീറ്ററോ അതിൽ കൂടുതലോ ഉള്ള മാതൃക വയൽ റോഡിന് സമീപം)	ദ്വിതീയം

മേൽ അപാകം സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (29.11.2024 തീയതിയിലെ 10ാം നമ്പർ ഓഡിറ്റ് അന്വേഷണം) മറുപടിയായി ക്രമ നം 1, 3 എന്നിവയിൽ പരാമർശിച്ചിട്ടുള്ള കെട്ടിടങ്ങളുടെ മേഖല സോഫ്റ്റ് വെയറിൽ മാറ്റം വരുത്തിയിട്ടുണ്ടെന്നും ക്രമ നം. 2 ലെ കെട്ടിടത്തിന്റെ നികുതി തൻ വർഷം അസസ്സ് ചെയ്തതല്ല എന്നുമാണ് അറിയിച്ചിട്ടുള്ളത്. മേൽ പട്ടികയിൽ പറഞ്ഞ കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കുന്നതിൽ കുറവ് വന്നിട്ടുണ്ടെങ്കിൽ ആയത് ഈടാക്കേണ്ടതാണ്.

സഞ്ചയ നിർണയിക്കുന്ന വസ്തു നികുതിയുടെ കൃത്യത ഡാറ്റാ എൻട്രി, പരിശോധന, അംഗീകാരം തുടങ്ങിയ ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നതിനാൽ ഡാറ്റാ എൻട്രി കൃത്യതയോടെ നടത്തിയിട്ടുണ്ടോ എന്ന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതും ഗ്രാമ പഞ്ചായത്ത് പരിധിയിലെ മറ്റ് കെട്ടിടങ്ങളുടെ മേഖല നിർണ്ണയിക്കുന്നതിൽ പിഴവ് സംഭവിച്ചിട്ടില്ല എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്.

1-13 വസ്തു നികുതി നിർണ്ണയം - തെറ്റായ ഉപവിഭാഗത്തിൽപ്പെടുത്തി നികുതി നിർണ്ണയിച്ചു.

സ.ഉ(അച്ചടി)നം.25/2023/തസ്വഭവ തീയതി 05.04.23 (എസ് ആർ ഒ നമ്പർ 479/2023) വിജ്ഞാപന പ്രകാരം വ്യത്യസ്ത കെട്ടിട വിഭാഗങ്ങളുടെ വിവരവും അവയ്ക്ക് ഈടാക്കാവുന്ന കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്കും താഴെ കൊടുക്കുന്നു.

ക്രമ നമ്പർ	കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരം	ഏറ്റവും കുറഞ്ഞ നിരക്ക് (രൂപ)	ഏറ്റവും കൂടിയ നിരക്ക് (രൂപ)
1	സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ) -300 ച.മീ വരെയുള്ളവ	6	10

2	സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ) -300 ച.മീറ്ററിന് മുകളിലുള്ളവ	8	12
3	ലോഡ്ജ്, ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ - 300 ച.മീറ്റർ വരെയുള്ളവ	40	70
4	ലോഡ്ജ്, ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ-300 ച.മീറ്ററിന് മുകളിലുള്ളവ	55	75

മേൽ വിജ്ഞാപനത്തിന്റെ ഭാഗമായി നൂമാഹി ഗ്രാമപഞ്ചായത്തിന്റെ 26.09.2023 തീയതിയിലെ 209/2023 നമ്പർ തീരുമാന പ്രകാരം പുറപ്പെടുവിച്ച അന്തിമ വിജ്ഞാപനത്തിൽ (എ3-1783/2023 തീയതി 27.09.2023) മേൽ പട്ടികയിൽ പരാമർശിച്ച കെട്ടിട വിഭാഗങ്ങളുടെ നികുതി നിരക്ക് യഥാക്രമം 8,10,50,65 എന്നിങ്ങനെയാണ്. എന്നാൽ 2023-24 കാലയളവിൽ വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ള താഴെ പറയുന്ന കെട്ടിടങ്ങളെ തെറ്റായ വിഭാഗത്തിൽപ്പെടുത്തി നികുതി നിർണ്ണയിച്ചിട്ടുണ്ട്.

കെട്ടിട നമ്പർ	കെട്ടിട ഉടമസ്ഥന്റെ പേര്	കെട്ടിട വിസ്തീർണം ച.മീ	ഉപയോഗ ക്രമം	സഞ്ചയയിൽ ഉൾപ്പെടുത്തിയ കെട്ടിടത്തിന്റെ ഉപവിഭാഗം / നികുതി നിരക്ക്	സഞ്ചയയിൽ ഉൾപ്പെടുത്തേണ്ട കെട്ടിടത്തിന്റെ ഉപവിഭാഗം / നികുതി നിരക്ക്
5/209 G,H, I,J,K,L	അബു നിസാജി	71.21, 71.21, 74.06, 74.06, 33.54,74.06 ആകെ – 398.14	അപ്പാർട്ട്മെന്റ്സ്	മേൽപട്ടികയിലെ ക്രമ നമ്പർ 2 (1 ച.മീ ന് 10 രൂപ നിരക്കിൽ)	മേൽപട്ടികയിലെ ക്രമ നമ്പർ 4 (1 ച.മീ ന് 65 രൂപ നിരക്കിൽ)
5/209 M,N,O,P,Q,R	ഫർസാന അബു നിസാജി	71.21,71.21,74.06,74.06, 33.54,74.06 ആകെ - 398.14	അപ്പാർട്ട്മെന്റ്സ്	മേൽപട്ടികയിലെ ക്രമ നമ്പർ 2 (1 ച.മീ ന് 10 രൂപ നിരക്കിൽ)	മേൽപട്ടികയിലെ ക്രമ നമ്പർ 4 (1 ച.മീ ന് 65 രൂപ നിരക്കിൽ)

മേൽ അപാകം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (21/02-12-2024) മേൽ കെട്ടിടങ്ങൾ നിശ്ചിത വാടകയ്ക്ക് സാധാരണ താമസ ആവശ്യത്തിന് വേണ്ടിയുള്ളതാണെന്നും കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം എ1 – സാധാരണ പാർപ്പിട ആവശ്യത്തിനുള്ള കെട്ടിടത്തിൽ ഉൾപ്പെടുതാണെന്നുമാണ് മറുപടി ലഭ്യമാക്കിയത്. മറുപടി തൃപ്തികരമല്ല. വസ്തു നികുതി പുനർ നിർണ്ണയിച്ച് കുറവ് വന്ന തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-14 സർക്കാർ അംഗീകൃതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും (അൺ എയ്ഡഡ്) വസ്തു നികുതി ഈടാക്കേണ്ടതാണ്.

സർക്കാരിന്റെ 28-03-2023 തീയതിയിലെ നമ്പർ 15 (2) ലെഗ്. എ2/2023/നിയമം വിജ്ഞാപനം പ്രകാരം 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിൽ 01-04-2023 പ്രാബല്യത്തിൽ വരുത്തിയ ഭേദഗതി അനുസരിച്ച് ഹയർ സെക്കണ്ടറി തലം വരെയുള്ള അൺ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വസ്തുനികുതിയിളവ് അനുവദിച്ചിരുന്ന കേരള പഞ്ചായത്ത് രാജ് ആക്ട് 207 വകുപ്പിലെ ബിഎ ഖണ്ഡം റദ്ദാക്കുകയുണ്ടായി. ഇതു പ്രകാരം 01-04-2023 മുതൽ സർക്കാരിന്റെ അംഗീകാരം ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർ സെക്കണ്ടറി തലം വരെയുള്ളതുമായ, വിദ്യാഭ്യാസ ആവശ്യത്തിനു വേണ്ടി മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്കും അത്തരം സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങൾക്കും അനുവദിച്ചിരുന്ന വസ്തു നികുതി ഇളവ് ഒഴിവാക്കിയിട്ടുണ്ട്. മേൽ ഭേദഗതിയുടെ അടിസ്ഥാനത്തിൽ നൂമാഹി ഗ്രാമപഞ്ചായത്തിൽ 2022-23 വർഷം വരെ 207 ബിഎ വകുപ്പ് പ്രകാരം വസ്തുനികുതിയിളവ് അനുവദിച്ചിരുന്ന ഇത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തുനികുതി 01-04-2023 പ്രാബല്യത്തിൽ (2023-24വർഷം മുതൽ) ഈടാക്കിയിട്ടുണ്ടോ എന്ന് അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(12/29-11-2024) മറുപടിയായി ഗ്രാമപഞ്ചായത്തിലെ ഒൻപതാം വാർഡിൽ ചെയർമാൻ ജം ഇയ്യത്തുൽ ഫലാഹ് ട്രസ്റ്റ്, പെരിങ്ങാടി എന്നവരുടെ ഉടമസ്ഥതയിലുള്ള 202, 203 നമ്പർ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇളവ് നൽകിയിട്ടുണ്ടെന്നും പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി പുനഃസ്ഥാപിച്ച് നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-15 ജിംനേഷ്യങ്ങൾ, ടർഫുകൾ എന്നിവിടങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല.

സ.ഉ(പി)നം.25/2023/തസ്വഭവ, 05.04.23 (എസ് ആർ ഒ നമ്പർ 479/2023) വിജ്ഞാപന പ്രകാരം സ്വിമ്മിങ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ എന്നിവയ്ക്ക് ഈടാക്കാവുന്ന കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്ക് താഴെ കൊടുക്കുന്നു.

കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരം	ഏറ്റവും കുറഞ്ഞ നിരക്ക് (₹)	ഏറ്റവും കൂടിയ നിരക്ക് (₹)
സ്വിമ്മിങ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ (ഫീസ് നല്കി പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്നവ/ വാണിജ്യസ്വഭാവത്തോടു കൂടിയവ)	25	45

മേൽ വിജ്ഞാപനത്തിന്റെ ഭാഗമായി നൃമാഹി ഗ്രാമപഞ്ചായത്ത് 23.11.2023 തീയതിയിൽ 3(1) തീരുമാന പ്രകാരം പുറപ്പെടുവിച്ച അന്തിമ വിജ്ഞാപനത്തിൽ ടർഫുകളുടെയും ജിംനേഷ്യങ്ങളുടെയും നികുതി നിരക്ക് 25 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത വിഭാഗത്തിൽപ്പെടുന്ന കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിന്റെ സഞ്ചയ സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന ജിംനേഷ്യങ്ങളുടെയും ടർഫുകളുടെയും വിവരം ലഭ്യമാക്കുന്നത് സംബന്ധിച്ച് 29.11.24 ന് നൽകിയ 11ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ഗ്രാമപഞ്ചായത്തിലെ പത്താം വാർഡിൽ ഒരു ടർഫ് പ്രവർത്തിച്ചു വരുന്നുണ്ടെന്നും മുമ്പ് വാണിജ്യാവശ്യത്തിനു വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ള 10/117 നമ്പർ കെട്ടിടത്തിൽ പുതിയ ജിംനേഷ്യം നടത്തുന്നതിനുള്ള ലൈസൻസിന് 29.11.2024 ന് അപേക്ഷിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ കൂടുതൽ ടർഫ്, ജിംനേഷ്യം എന്നിവ പ്രവർത്തിക്കുന്നുണ്ടോയെന്ന് ഫീൽഡ്തല പരിശോധയിലൂടെ കണ്ടെത്തി വസ്തു നികുതിയും ലൈസൻസ് ഫീസും ഈടാക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് - അപാകങ്ങൾ

2017 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ പ്രകാരം 2023-24 വർഷത്തെ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1. മേൽ ചട്ട പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരേ മൂലധന നിക്ഷേപം ഉള്ള സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്ത നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ട്.

സ്ഥാപനം	വാർഡ് /കെട്ടിട നമ്പർ	സ്ഥാപന ഉടമയുടെ പേര്	മൂലധനനിക്ഷേപം (അപേക്ഷ പ്രകാരം) (₹)	ഈടാക്കിയ ലൈസൻസ് ഫീ (₹)
അടുക്കള	IX/19	സുബൈദ.പി.പി	100000	500
ബ്രൈറ്റ് സ്റ്റീൽ	IX/52	സുധീഷ് കുമാർ.പി.കെ	100000	1000

2. കൂടുതൽ മൂലധനം ഉള്ള സ്ഥാപനത്തിൽ നിന്നും കുറഞ്ഞ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ട്.

സ്ഥാപനം	വാർഡ് /കെട്ടിട നമ്പർ	സ്ഥാപന ഉടമയുടെ പേര്	മൂലധനനിക്ഷേപം (അപേക്ഷ പ്രകാരം) (₹)	ഈടാക്കിയ ലൈസൻസ് ഫീ (₹)
ഐശ്വര്യ ഗോൾഡ്, പുന്നോൽ	I/173	ഇ.എൻ.സുരേന്ദ്ര ബാബു	1000000	500
ദേവ്ദർശ് ടിംബേഴ്സ്	IX/400	സന്തോഷ് കുമാർ.സി	500000	1000

സുധീഷ് കുമാർ. പി.കെ എന്നവരുടെ ബ്രൈറ്റ് സ്റ്റീൽ എന്ന സ്ഥാപനത്തിന് മൂലധന നിക്ഷപ പ്രകാരമുള്ള ഫീസ് ചുമത്തുന്നതിൽ പിഴവ് വന്നിട്ടുണ്ടെന്നും ആയത് അടുത്ത സാമ്പത്തിക വർഷത്തിൽ ലൈസൻസ് ഫീസ് ഈടാക്കുമ്പോൾ ക്രമീകരിക്കുന്നതാണെന്നും, സന്തോഷ് കുമാർ.സി എന്നവരുടെ സ്ഥാപനത്തിന് മുൻ വർഷം ഈടാക്കി വരുന്ന ലൈസൻസ് ഫീസ് 2023-24 വർഷത്തിലും ഈടാക്കുകയാണ് ചെയ്തിട്ടുള്ളത് എന്നുമാണ് മേൽ പരാമർശങ്ങൾ സംബന്ധിച്ച് നൽകിയ

ഓഡിറ്റ് അന്വേഷണത്തിന് (7/29-11-2024) മറുപടി ലഭ്യമാക്കിയത്. ഈ വിഷയം മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും ലൈസൻസ് ഫീസ് സംബന്ധിച്ച് ഭരണസമിതി തീരുമാനം കൈക്കൊള്ളുകയോ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കുകയോ ചെയ്തിട്ടില്ല. മേൽ ചട്ടങ്ങളിലെ ചട്ടം 7 പട്ടിക li പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ നിശ്ചയിച്ച് ഭരണസമിതി തീരുമാനം കൈക്കൊള്ളേണ്ടതും ചട്ട പ്രകാരം ലൈസൻസ് ഫീസ് ഈടാക്കേണ്ടതുമാണ്.

3. 2022-23 ലൈസൻസ് രജിസ്റ്റർ പ്രകാരം 444 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട്. എന്നാൽ 2023-24 ലെ ലൈസൻസ് രജിസ്റ്റർ പ്രകാരം പുതുതായി ലൈസൻസ് എടുത്തവ ഉൾപ്പെടെ 414 സ്ഥാപനങ്ങളിൽ നിന്നു മാത്രമേ ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളൂ. ശേഷിക്കുന്ന 30 സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ലൈസൻസ് ഫീസ് അടച്ചതിന്റെ രേഖകൾ ലഭ്യമാക്കുന്നതിനും വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് ലഭ്യമാക്കുന്നതിനും നൽകിയ 29.11.2024 തീയതിയിലെ 7ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി ഗ്രാമ പഞ്ചായത്ത് പരിധിയിൽ 2023-24 സാമ്പത്തിക വർഷം ധാരാളം ചെറുകിട സ്ഥാപനങ്ങൾ പ്രവർത്തനം അവസാനിപ്പിച്ചതായി ഫീൽഡ് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടെന്നും നീളിതുവരെ 23 സ്ഥാപനങ്ങൾ ലൈസൻസ് ക്യാൻസൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

4. 2023-24 വർഷം പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്ത/പുതുക്കിയ ഷിഫ ക്ലിനിക്, പെരിങ്ങാടി എന്ന സ്ഥാപനത്തിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ രേഖകൾ ലഭ്യമാക്കുന്നതിനായി നൽകിയ 7/29.11.2024 ലെ 7ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ഷിഫ ക്ലിനിക്കിന്റെ ലൈസൻസ് അപേക്ഷ ഫയൽ നം.4301/24-02.12.2024 പ്രകാരം ലഭിച്ചിട്ടുണ്ടെന്നും ഫയലിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നുമാണ് അറിയിച്ചത്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ആസ്പെയർ ലാബ് 2023-24 വർഷം ലൈസൻസ് എടുത്തതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കേണ്ടതും ലൈസൻസിന്റെ പരിധിയിൽ പെടുന്ന മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-17 തൊഴിൽ നികുതി അടവാക്കുന്നതിൽ കാലതാമസം - പിഴ ഈടാക്കിയിട്ടില്ല

സർക്കാരിന്റെ 28-03-2023 തീയതിയിലെ നമ്പർ 15 (2) ലെഗ്.എ2/2023/നിയമം വിജ്ഞാപനം പ്രകാരം 01-04-2023 പ്രാബല്യത്തിൽ കേരള പഞ്ചായത്ത് രാജ് ആക്ട് 209 ഇ വകുപ്പിന് വരുത്തിയ ഭേദഗതി പ്രകാരം കേരള പഞ്ചായത്ത് രാജ് ആക്ടിലെയോ അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയോ ബൈലോകളിലെയോ വ്യവസ്ഥകൾക്ക് കീഴിൽ നിയമാനുസൃതമായ ഏതെങ്കിലും തുക അത് നൽകേണ്ടതായ തീയതിയിൽ നൽകാത്ത പക്ഷം അത് നൽകേണ്ടതായ തീയതി മുതൽ പ്രതിമാസം രണ്ട് ശതമാനം നിരക്കിലുള്ള (ഒരു ശതമാനമായിരുന്നത് 01-04-2023 പ്രാബല്യത്തിൽ രണ്ട് ശതമാനമാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്) പിഴ ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത ഭേദഗതി പ്രകാരം 2023 ഏപ്രിൽ ഒന്ന് മുതൽ രണ്ട് ശതമാനം നിരക്കിൽ പിഴ ഈടാക്കേണ്ടതുണ്ട്. (ഒരു അർദ്ധവർഷത്തിൽ നൽകേണ്ടതായി തീർന്നതും നൽകേണ്ടതുമായ ഏതെങ്കിലും തുക അതേ അർദ്ധവർഷത്തിൽ നൽകുന്ന പക്ഷം പിഴ ഈടാക്കേണ്ടതില്ല). 24.08.2000 തീയതിയിലെ സർക്കുലർ നമ്പർ 51457/എൻ.1/ത.ഭ.വ പ്രകാരം ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി പ്രസ്തുത സാമ്പത്തിക വർഷം സെപ്തംബർ 30-നകം അടയ്ക്കാതിരുന്നാൽ പിഴപ്പലിശ നൽകേണ്ടി വരുന്ന തീയതി സെപ്തംബർ 1 മുതൽ ആണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നൂമാഹി ഗ്രാമ പഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കുന്നതിൽ കാലതാമസം വരുമ്പോൾ പിഴ ഈടാക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

സ്ഥാപനത്തിന്റെ പേര്	അർദ്ധവർഷം	തൊഴിൽ നികുതി/ രസീത് നമ്പർ	ഈടാക്കേണ്ട പിഴ
എം.എം യു.പി സ്കൂൾ	I	15000/1230101222/11.10.2023	600
ബാങ്ക് ഓഫ് ബറോഡ	I	8750/123010112/11.10.2023	350
മലയാള കലാഗ്രാമം	I	4200/1230101123/03.10.2023	168
എം.ആർ.എ ബേക്കറി	I	3050/1230101210/10.10.2023	122
ശാന്തി മെഡികെയർ & ലാബ്	I	1000/1230101199/10.10.2023	40

ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (9/29-11-2024) പിഴ ഈടാക്കുന്നതിനായി മേൽ പറഞ്ഞ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ പട്ടികയിൽ പരാമർശിച്ചതുൾപ്പെടെ 2023-24 ഒന്നാം അർദ്ധവർഷം തൊഴിൽ നികുതി വൈകി അടവാക്കിയ മുഴുവൻ നികുതിദായകരിൽ നിന്നും പലിശയിനത്തിൽ കുറവ് വന്ന തുക ഈടാക്കി അറിയിക്കേണ്ടതാണ്.

1-18 എം.മുകുന്ദൻ പാർക്കിൽ നിന്ന് വിനോദ നികുതി ഈടാക്കിയില്ല

സർക്കാരിന്റെ 31.01.2024 തീയതിയിലെ സ.ഉ.(കൈ) നം.17/2024/LSGD ഉത്തരവ് പ്രകാരം, ടിക്കറ്റെടുത്ത് പ്രവേശനം അനുവദിക്കുന്നതും വിനോദനികുതി ഒടുക്കുവാൻ ബാധ്യതയുള്ളതുമായ സ്ഥാപനങ്ങളിൽ നിന്ന് വിനോദനികുതി ഈടാക്കുവാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. വിനോദനികുതിയിനത്തിൽ ഈടാക്കേണ്ട നിരക്ക് സംബന്ധിച്ചും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. നൂമാഹി ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള എം.മുകുന്ദൻ പാർക്കിൽ ടിക്കറ്റെടുത്താണ് പൊതുജനങ്ങൾക്ക് പ്രവേശനം അനുവദിക്കുന്നത്. മുകുന്ദൻ പാർക്കിൽ നിന്നും വിനോദ നികുതി

ഈടാക്കിയതിന്റെ വിവരം, പാർക്ക് പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് അനുവദിച്ച വിവരം, പാർക്കിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം എന്നീ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (30.11.2024 തീയതിയിലെ 14ാം നമ്പർ ഓഡിറ്റ് അന്വേഷണം) മറുപടിയായി മുകുന്ദൻ പാർക്കിന് നിലവിൽ ലൈസൻസ് അനുവദിക്കുകയോ വിനോദ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല എന്നും ലൈസൻസ് അനുവദിക്കുന്നതിനും വിനോദ നികുതി ഈടാക്കുന്നതിനുമുള്ള തുടർ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എം.മുകുന്ദൻ പാർക്ക് ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതും പാർക്കിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-19 ജലസേചന പമ്പ്സെറ്റ് വിതരണം-പദ്ധതി രേഖകൾ ലഭ്യമാക്കാത്തവർക്ക് ആനുകൂല്യം നൽകി ₹30000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	കൃഷി ഓഫീസർ
പ്രോജക്ടിന്റെ നമ്പർ/പേര്	83/24 ജലസേചന പമ്പ്സെറ്റ് വിതരണം
അടങ്കൽ	₹30000 വികസന ഫണ്ട് പൊതുവിഭാഗം
ചെലവ്, ബിൽ നമ്പർ/തീയതി	₹30000, 280/30.01.2024

ജലസേചനത്തിന് പമ്പ്സെറ്റ് വാങ്ങുന്ന കർഷകർക്ക് ₹5000 സബ്സിഡി നൽകുന്നതിനാണ് പ്രൊജക്ട് നടപ്പിലാക്കിയത്. പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം.115/2022/ത.സ്വ.ഭ.വ തീയതി 28.05.2022 ഖണ്ഡിക 6.1 ക്രമനമ്പർ 18 ലെ 2ാമത്തെ നിബന്ധന അനുസരിച്ച് ഗ്രാമ പഞ്ചായത്തിൽ കുറഞ്ഞത് 20 സെന്റ് ഭൂമി കൃഷി ചെയ്യുന്ന കർഷകർക്കാണ് സബ്സിഡിക്ക് അർഹത. എന്നാൽ സബ്സിഡി അനുവദിച്ച താഴെപ്പറയുന്നവരുടെ കൃഷിഭൂമിയുടെ വിവരം ലഭ്യമല്ല.

ക്രമ നം.	പേര്	വാർഡ് നം	ഭൂവിസ്തൃതി
1	ടി.പി.ശ്യാമള	2	രേഖകൾ ലഭ്യമാക്കിയിട്ടില്ല
2	വീണാസുധീർ	6	2 ആർ(4.94 സെന്റ്) (അർഹത കുറഞ്ഞത് 20 സെന്റ് സ്ഥലം)

പദ്ധതി സംബന്ധിച്ച ഭൂവിസ്തൃതി രേഖകൾ, മോണിറ്ററിങ്ങ് സമിതി റിപ്പോർട്ട്, ഉദ്യോഗസ്ഥ തല പരിശോധനാ റിപ്പോർട്ട് എന്നിവ ലഭ്യമാക്കുന്നതിന് നൽകിയ അന്വേഷണ കുറിപ്പിന് (26/03-12-2024) വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹30000/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-20 കൃഷി ഭവനിലേക്ക് കമ്പ്യൂട്ടർ പ്രിന്റർ അനുബന്ധസൗകര്യങ്ങൾ ഒരുക്കൽ - ഉപകരണങ്ങൾ ലഭ്യമായില്ല, ₹74992 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	കൃഷി ഓഫീസർ
പ്രോജക്ട് നമ്പർ/പേര്	90/24 കൃഷി ഭവനിലേക്ക് കമ്പ്യൂട്ടർ പ്രിന്റർ അനുബന്ധസൗകര്യങ്ങൾ ഒരുക്കൽ
അടങ്കൽ	₹50000 വികസന ഫണ്ട് പൊതുവിഭാഗം ₹25000 തനത് ഫണ്ട് ആകെ: ₹75000
ചെലവ്	₹50000, 282/30.01.2024 വികസന ഫണ്ട് പൊതുവിഭാഗം ₹20389, 404/3.2.24 തനത് ഫണ്ട് ₹4603, 1239/25.03.2024 തനത് ഫണ്ട് ആകെ: ₹74992

കൃഷി ഭവനിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിന് മേൽ പ്രൊജക്ട് പ്രകാരം ₹74992 കെൽട്രോണിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. കെൽട്രോൺ തുക കൈപ്പറ്റിയ രശീതി, ഡെലിവറി ചലാൻ, ഉപകരണങ്ങളുടെ ഇൻസ്റ്റലേഷൻ റിപ്പോർട്ട്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനക്ക് ലഭ്യമാക്കുന്നതിന് നൽകിയ അന്വേഷണ കുറിപ്പിന് (25/03-12-2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ഉപകരണങ്ങൾ ലഭിക്കാത്തതിനാൽ ₹74992 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1–21 ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മറ്റികളുടെ വരവു ചെലവു കണക്കുകൾ ഹാജരാക്കിയിട്ടില്ല.

2010 ലെ കേരളപഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മറ്റികൾ) ചട്ടങ്ങളിലെ ചട്ടം 9(1) പ്രകാരം ലോക്കൽ ഫണ്ട് അക്കൗണ്ടുകളുടെ എക്സാമിനറോ (നിലവിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്) അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥരോ പഞ്ചായത്ത് ഫണ്ടിന്റെ കാര്യത്തിലെന്നപോലെ, ഓരോ പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസനഫണ്ട് വർഷത്തിലൊരിക്കലോ ആവശ്യമെന്നു കണ്ടാൽ അതിന് മുമ്പോ ഓഡിറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും അവസാനിച്ച് 4 മാസത്തിനകം അതാത് സാമ്പത്തിക വർഷത്തെ കണക്കുകൾ നിശ്ചിത മാതൃകാഫാറങ്ങളിൽ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതുണ്ട് (കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ 1996 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം). ഇപ്രകാരം ലഭ്യമാക്കുന്ന ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ ഓരോ സാമ്പത്തിക വർഷത്തെയും വാർഷിക വരവു ചെലവ് കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനക്ക് വിധേയമാക്കേണ്ടതുണ്ട്. നൂമാഹി ഗ്രാമപഞ്ചായത്തിന് കീഴിലുള്ള ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റികളുടെ വാർഷിക വരവു ചെലവ് കണക്കുകളുടെ സംക്ഷിപ്തം തയ്യാറാക്കി സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനക്ക് (സീനിയർ ഡെപ്യൂട്ടി ഡയരക്ടർ, ജില്ലാ ഓഡിറ്റ് കാര്യാലയം, ബി എസ് എൻ എൽ ഭവൻ മൂന്നാം നില, കണ്ണൂർ-1) ഹാജരാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിനും ആശുപത്രി മാനേജിംഗ് കമ്മറ്റി ഏറ്റവും ഒടുവിൽ പുനസംഘടിപ്പിച്ചതിന്റെ വിശദാംശങ്ങൾ അറിയിക്കുന്നതിനുമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/29.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന് കീഴിലുള്ള ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റികളുടെ വാർഷിക വരവു ചെലവ് കണക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1–22 വനിതകൾക്ക് മെൻസ്ട്രുവൽ കപ്പ് വിതരണം, ബോധവൽക്കരണം പദ്ധതിയിലെ അപാകങ്ങൾ – ₹149996 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി
പ്രൊജക്ട് നമ്പർ/പേര്	105/2024, വനിതകൾക്ക് മെൻസ്ട്രുവൽ കപ്പ് വിതരണം, ബോധവൽക്കരണം
അടങ്കൽ	₹ 1,50,000 (വികസന ഫണ്ട്, പൊതു വിഭാഗം)
ചെലവ്	₹ 1,49,996, ബിൽ നം.300/03.02.2024

മേൽ പ്രൊജക്ട് നടപ്പാക്കിയതിലെ അപാകങ്ങൾ താഴെ പറയുന്നു.

1. 1,49,996 രൂപ ചെലവഴിച്ച് 299.992 രൂപ നിരക്കിൽ 500 മെൻസ്ട്രുവൽ കപ്പുകൾ HLL ലൈഫ് കെയർ ലിമിറ്റഡിൽ നിന്നും പർച്ചേസ് ചെയ്തിരുന്നു. പർച്ചേസ് നടത്തിയതിന്റെ ഒറിജിനൽ ഇൻവോയിസ് ഫയലിൽ ലഭ്യമല്ല.
2. ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം 89 പേരാണ് ആകെ ഗുണഭോക്താക്കൾ എന്നിരിക്കെ 500 മെൻസ്ട്രുവൽ കപ്പുകൾ പർച്ചേസ് ചെയ്തതിന്റെ ആവശ്യകത വ്യക്തമാക്കപ്പെട്ടിട്ടില്ല. അഡീഷണൽ ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല.
3. ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം 4,9,12,13 എന്നീ വാർഡുകളിൽ ഗുണഭോക്താക്കൾ ഇല്ല. എന്നാൽ പ്രസ്തുത വാർഡുകളിലെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് മെൻസ്ട്രുവൽ കപ്പുകൾ വിതരണം ചെയ്തിട്ടുണ്ട്. മറ്റു വാർഡുകളിലും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് മെൻസ്ട്രുവൽ കപ്പുകൾ വിതരണം ചെയ്തിട്ടുണ്ട്.
4. 500 എണ്ണം പർച്ചേസ് ചെയ്തതിൽ 133 എണ്ണത്തിന്റെ വിതരണ രേഖകൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. ശേഷിക്കുന്നവയുടെ വിതരണ വിവരം ലഭ്യമാക്കിയിട്ടില്ല.

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (24/03.12.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെയും രേഖകളുടെയും അഭാവത്തിൽ ₹ 1,49,996 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1–23 പത്താമുദയം – സമ്പൂർണ്ണ സെക്കണ്ടറി വിദ്യാഭ്യാസ ജില്ല – രേഖകൾ ലഭ്യമാക്കിയില്ല –₹38850 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെഡ് മാസ്റ്റർ
പ്രോജക്ട് നമ്പർ/പേര്	31/24, പത്താമുദയം – സമ്പൂർണ്ണ സെക്കണ്ടറി വിദ്യാഭ്യാസ ജില്ല.
അടങ്കൽ	₹1,00,000 (വികസനഫണ്ട്-പൊതുവിഭാഗം) ₹1,00,000 (തനതുഫണ്ട്) ആകെ: ₹2,00,000
ചെലവ്	₹38,850 ബിൽ നമ്പർ: 356/2.03.2024 വികസന ഫണ്ട്

പത്താംതരം തുല്യത കോഴ്സിന്റെ രജിസ്ട്രേഷൻ ഫീസ്, പരീക്ഷ ഫീസ് എന്നീ ഇനങ്ങളിലായി ഒരു പഠിതാവിന് ₹1850

എന്ന നിരക്കിൽ പൊതുവിഭാഗത്തിലുള്ള 21 പഠിതാക്കൾക്ക് ₹38,850 കേരള സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റിക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. പഠിതാക്കൾക്ക് ക്ലാസുകൾ ലഭ്യമാക്കിയതിന്റെയും കോഴ്സ് പൂർത്തിയാക്കി പരീക്ഷ എഴുതിയതിന്റെയും എത്ര പേർ വിജയിച്ചു എന്നതിന്റെയും വിവരം ലഭ്യമാക്കാൻ വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 6/29.11.2024) ലഭ്യമാക്കിയ മറുപടിയിൽ 8 പഠിതാക്കൾ മാത്രമേ പരീക്ഷ എഴുതിയിട്ടുള്ളൂവെന്നും റിസൾട്ട് വന്നിട്ടില്ലെന്നും ബാക്കിയുള്ള പഠിതാക്കൾ ഈ വർഷം ക്ലാസിന് പോകും എന്നുമാണ് അറിയിച്ചിട്ടുള്ളത്. പഠിതാക്കൾക്ക് ക്ലാസ് ലഭ്യമാക്കിയതിന്റെയും കോഴ്സ് പൂർത്തിയാക്കിയതിന്റെയും രേഖകളും തുകയൊടുക്കിയതിന് കേരളസംസ്ഥാന സാക്ഷരതാമിഷനിൽ നിന്നുള്ള അസൽരശീതിയും ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹38,850 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-24 തുടർ സാക്ഷരത പ്രവർത്തനങ്ങൾ -രേഖകൾ ലഭ്യമാക്കിയില്ല ₹ 20,200 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെഡ്മാസ്റ്റർ
പ്രൊജക്ട് നമ്പർ/പേര്	189/24 തുടർ സാക്ഷരതാപദ്ധതി
അടങ്കൽ	₹30,000 തനത് ഫണ്ട്
ചെലവുതുക/ബിൽ നം./തീയതി	₹20,200/991/11.03.2024

28.05.2022 തീയതിയിലെ പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ)നം.115/2022/തസ്വഭവ-യിലെ ഖണ്ഡിക 7.4.5-യിൽ സംസ്ഥാന സാക്ഷരതാ മിഷന്റെ നിർദ്ദേശങ്ങൾ പരിഗണിച്ച് തുല്യതാ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്ന പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസ്, പരീക്ഷാ ഫീസ്, കോഴ്സ് ഫീസ് തുടങ്ങിയവ അടവാക്കുന്നതിന് എല്ലാ തലത്തിലുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് ഏറ്റെടുക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

ഹയർ സെക്കന്ററി തുല്യത ഒന്നാം വർഷകോഴ്സിന് ഒരു പഠിതാവിന് 2,600/- രൂപ നിരക്കിൽ 6 പേർക്ക് ആകെ 15,000രൂപയും, രണ്ടാം വർഷകോഴ്സിന് ഒരു പഠിതാവിന് 2,300 രൂപാനിരക്കിൽ 4,600 രൂപയുമുൾപ്പെടെ ആകെ 20,200 രൂപരജിസ്ട്രേഷൻ ഫീസ്, പരീക്ഷാ ഫീസ്, കോഴ്സ് ഫീസ് എന്നീ ഇനങ്ങളിൽ കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. കേരള സംസ്ഥാന സാക്ഷരതാ മിഷനിൽ നിന്നുള്ള കൈപ്പറ്റ് രശീതി, നിലവിൽ പ്ലസ്ടു തുല്യതാ പരീക്ഷ നടന്നിട്ടുണ്ടെങ്കിൽ 02 പഠിതാക്കളിൽ എത്ര പേർ പരീക്ഷ എഴുതിയിട്ടുണ്ട്, എത്ര പേർ വിജയിച്ചു എന്നതിന്റെ വിവരം, ഹയർസെക്കണ്ടറി തുല്യതാപരീക്ഷയ്ക്ക് വേണ്ട യോഗ്യതയുള്ളവരാണെന്ന് തെളിയിക്കുന്ന രേഖകൾ, ഗുണഭോക്താക്കളുടെ അപേക്ഷകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാനായി നൽകിയ 3/29-11-2024 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി പ്ലസ് ടു പരീക്ഷ എഴുതിയ രണ്ടുപേരും പരീക്ഷ എഴുതി വിജയിച്ചതായും സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതാണെന്നും തുക അടവാക്കിയിട്ടുള്ളതാണെന്നും മാത്രമാണ് അറിയിച്ചിട്ടുള്ളത്. രേഖകളുടെ അഭാവത്തിൽ 20,200 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-25 കാലിത്തീറ്റ വിതരണം - ക്ഷീര കർഷകർക്ക് വിപണി വിലയിൽ അധികരിച്ച് കാലിത്തീറ്റ വിതരണം ചെയ്തു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഡയറി ഫാം ഇൻസ്ട്രക്ടർ
പ്രൊജക്ട് നമ്പർ, പേര്	43/24, കറവ പശുക്കൾക്ക് കാലിത്തീറ്റ വിതരണ പദ്ധതി
അടങ്കൽ	₹153520 (വികസന ഫണ്ട് -പൊതു വിഭാഗം)
ചെലവ്, ബിൽ നം./തീയതി.	₹25840 -170/08.11.2023 ₹ 25840-171/08.11.2023 ₹24320-233/01.01.2023 ₹25840- 326/15.02.2024 ₹25840- 341/27.02.2024 ആകെ : ₹127680

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവഹണം നടത്തിയ മേൽ പ്രൊജക്ടിൽ നൃമാഹി ഗ്രാമപഞ്ചായത്തിലെ സ്ഥിരതാമസക്കാരായ ക്ഷീരകർഷകർക്ക് ചൊക്ലി ക്ഷീരസംഘത്തിൽ നിന്നും വാങ്ങിയ കാലിത്തീറ്റയ്ക്ക് പരമാവധി 50% സബ്സിഡി ക്ഷീരസംഘത്തിന്റെ അക്കൌണ്ടിലേക്ക് നൽകിയിട്ടുണ്ട്. ഓരോ കറവപ്പശുവിനും പ്രതിമാസം 100 KG കാലിത്തീറ്റയാണ് വിതരണം ചെയ്തത്. 17 ക്ഷീര കർഷകർക്ക് നാലു മാസവും 16 ക്ഷീര കർഷകർക്ക് ഒരുമാസവും 100 കി.ഗ്രാം വീതം കാലിത്തീറ്റ വിതരണം ചെയ്തിട്ടുണ്ട്. വിതരണം ചെയ്ത കാലിത്തീറ്റയ്ക്ക് 100കി ഗ്രാമിന് 3040 രൂപ നിരക്കിലാണ് കർഷകർക്ക് വിതരണം ചെയ്തിട്ടുള്ളത്. എന്നാൽ വിതരണം ചെയ്യുന്നതിനായി സംഘം വാങ്ങിയ കേരള ഫീഡ്സ് ലിമിറ്റഡ് എലൈറ്റ് കാലിത്തീറ്റയുടെ വില ഇൻവോയിസ് പ്രകാരം ഒരു ബാഗിന് (100 കി.ഗ്രം) 2834 രൂപ മാത്രമാണ്. 3040 രൂപയ്ക്ക് കാലിത്തീറ്റ വിതരണം ചെയ്തതിനാൽ ആകെ 17304 രൂപ ക്ഷീര സഹകരണ സംഘത്തിന് കൂടുതൽ ലഭ്യമായിട്ടുണ്ട്. 2834 രൂപയ്ക്ക് മാർക്കറ്റിൽ ലഭ്യമായ കാലിത്തീറ്റയ്ക്ക് 3040 രൂപയ്ക്ക് വിതരണം ചെയ്ത് അധിക തുക സബ്സിഡി ഇനത്തിലും ഗുണഭോക്തൃ വിഹിതമായും ചെലവഴിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/02.12.2024) ഗോഡൗൺ ചാർജ്, കയറ്റിറക്ക് കൂലി, ഹാൻഡലിംഗ് ചാർജ് എന്നീ ചെലവുകൾ സംഘമാണ് വഹിക്കുന്നത് എന്നതിനാലാണ് കൂടിയ വിലയിൽ കാലിത്തീറ്റ വിതരണം ചെയ്തത് എന്നും തുടർ വർഷങ്ങളിൽ ഇൻവോയിസ് വിലയുടെ 50% സബ്സിഡി നൽകുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭാവിയിൽ കാലിത്തീറ്റ വിതരണം ചെയ്യുമ്പോൾ വില വിപണിയിൽ ലഭ്യമാകുന്നതിൽ അധികരിക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

1-26 തെരുവ് വിളക്ക് മെയിന്റനൻസ് എ.എംസി നല്കൽ-ആദായനികുതി ഈടാക്കിയിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ/ പേര്	9/24 തെരുവ് വിളക്ക് മെയിന്റനൻസ് എ.എംസി നല്കൽ.
അടങ്കൽ	₹400000, ധനകാര്യ കമ്മീഷൻ ഗ്രാന്റ്
വൗച്ചർ നമ്പർ / തീയതി	₹99875 ബിൽ നമ്പർ:455/24.03.2024 ₹99875 ബിൽ നമ്പർ: 480/25.03.2024 ആകെ: ₹1,99,750

ഗ്രാമ പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ പരിപാലനം ഇനത്തിൽ 1,99,750 രൂപ കരാറുകാരനായ ഹാഫിസ് പി.പി ഡെക്കാൻ അസോസിയേറ്റ്സ് എന്നവർക്ക് അനുവദിച്ചിട്ടുണ്ട്.

പ്രവൃത്തിയുടെ ഒന്നും രണ്ടും ഘട്ടം പൂർത്തിയായതിന്റെ അടിസ്ഥാനത്തിൽ ആണ് തുക അനുവദിച്ചത്. ആദായനികുതി നിയമം സെക്ഷൻ 194 സി പ്രകാരം 30,000/- രൂപയിൽ അധികരിച്ചുള്ള കരാറുകൾക്കും സേവനങ്ങൾക്കും ബാധകമായ ആദായനികുതി നിരക്ക് വ്യക്തികൾക്ക് 1 ശതമാനം നിരക്കിലാണ്. എന്നാൽ ആദായനികുതി ഈടാക്കാതെയാണ് കരാറുകാരന് തുക അനുവദിച്ചത്. പ്രോജക്ടുമായി ബന്ധപ്പെട്ട് തുടർന്നുവരുന്ന ബില്ലിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (27/03.12.2024) മറുപടിയിൽ പദ്ധതി നിർവഹണം പൂർത്തിയായിട്ടില്ലെന്നും, അവസാന ബില്ലിൽ നിന്നും ആദായ നികുതി ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രോജക്ടുമായി ബന്ധപ്പെട്ട് തുടർന്നുവരുന്ന ബില്ലിൽ നിന്നും ആദായ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-27 ജി.ഐ.എസ് മാപ്പിംഗ് - പദ്ധതി നിർവ്വഹണ പുരോഗതി അറിയിക്കേണ്ടതാണ്

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 04-10-2018 തീയതിയിലെ സ.ഉ (സാധാ) നമ്പർ 2556/2018/ത.സ്വ.ഭ.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തിന്റെ സമഗ്ര വിവര ശേഖരണം ലക്ഷ്യമാക്കിയുള്ളതാണ് പ്രോജക്ട്. ഊരാളുങ്കൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി മുഖേനയാണ് പ്രവൃത്തി നടത്തി വരുന്നത്. പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ/പേര്	150/24 കണ്ണൂർ വിവര സഞ്ചയിക -പ്രാദേശികാസൂത്രണ വിവരശേഖരണം
അടങ്കൽ	₹900000 (വികസന ഫണ്ട് -ജനറൽ) ₹100000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) ആകെ: ₹1000000
ചെലവ്	₹199977- 272/24.01.2024 ₹402616- 320/14.02.2024 ആകെ: ₹602593

ഊരാളുങ്കൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലഭ്യമാക്കിയ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന ഇനങ്ങൾക്കാണ് തുക ചെലവഴിച്ചിട്ടുള്ളത് വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ക്രമ	ഇൻവോയിസ് നം	ഇനം	തുക

നം	തീയതി		
1	ULC/23-24/731 03.02.24	ഡ്രോൺ സർവേ 5.06 OTH (20000/Sq.Km)	119416
2	ULC/23-24/732 03.02.24	സോഫ്റ്റ് വെയർ കോൺഫിഗറേഷന് ഹോസ്റ്റിംഗ് 1. OTH/240000	283200
3	ULC/23-24/777 29.02.24	ബിൽഡിംഗ് പ്രോപ്പർട്ടി സർവേ (500 Nos110/1)	-
4		പ്രോജക്ട് കോസ്റ്റിന്റെ 20 ശതമാനം മൻക്കൂർ നല്കിയതുക	199977
ആകെ			602593

മേൽ ഇൻവോയിസ് പ്രകാരമുള്ള സർവ്വേ നടത്തിയതിന്റെ രേഖകൾ ഹാജരാക്കാത്തതിനാൽ ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ ഹാജരാക്കുന്നതിനും പ്രോജക്ടിന്റെ പുരോഗതി വിവരവും അറിയിക്കുവാനും ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/02-12-2024) ലഭ്യമാക്കിയ മറുപടിയിൽ മേൽ ഇൻവോയിസിൽ കാണിച്ച മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ചതായും നിലവിൽ 90 ശതമാനത്തോളം പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർണ്ണമായും ലക്ഷ്യം കൈവരിക്കാത്ത സാഹചര്യത്തിൽ പദ്ധതിയുടെ പുരോഗതി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-28 ഐ കെ എം ന് മെമ്പർഷിപ്പ് ഫീസ് – വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല ₹9,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

ഐ കെ എം ന് മെമ്പർഷിപ്പ് ഫീസ് നൽകുന്നതിനായി തയ്യാറാക്കിയ പ്രോജക്ടിൽ ഐ കെ എം എക്സിക്യൂട്ടീവ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് താഴെപറയും പ്രകാരം തുക ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രൊജക്ട് നമ്പർ/പേര്	200/24, ഐ കെ എം മെമ്പർഷിപ്പ് ഫീസ്
അടങ്കൽ	₹9,00,000 വികസന ഫണ്ട് (പൊതു വിഭാഗം)
ചെലവ്	₹9,00,000 ബിൽ നമ്പർ: 479/25.03.2024

മേൽ പറഞ്ഞ ബിൽ പ്രകാരം തുക പിൻവലിച്ച് ഐ കെ എം എക്സിക്യൂട്ടീവ് ഡയരക്ടർക്ക് നൽകിയിട്ടുണ്ടെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ഇതുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 20/2-12-2024) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹9,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-29 എ.ബി.സി പദ്ധതിക്ക് തുക നല്കൽ – വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ/പേര്	45/24 എ.ബി.സി പദ്ധതിക്ക് ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ
അടങ്കൽ	₹100000 വികസന ഫണ്ട്, ജനറൽ
ചെലവ്	₹100000 ബിൽ നം : 85/16-08-23

തദ്ദേശ സ്വയംഭരണ (ആർ സി) വകുപ്പിന്റെ 23-08-2022 തീയതിയിലെ 2065/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമ-ബ്ലോക്ക് – ജില്ലാ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും സംയുക്ത പ്രൊജക്ടായാണ് എ.ബി.സി നടപ്പിലാക്കേണ്ടതെന്നും മുഖ്യ നിർവ്വഹണസ്ഥാപനം ജില്ലാപഞ്ചായത്തായിരിക്കുമെന്നും ഇതിനുള്ള വിഹിതം ജില്ലാപഞ്ചായത്തിന് മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾ കൈമാറണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിന്റെ

അടിസ്ഥാനത്തിൽ മേൽ പ്രൊജക്ട് പ്രകാരം ₹100000 കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം, പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 18/29-11-2024) മറുപടിയായി തുക വിനിയോഗിക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യ പത്രം അനുവദിക്കുന്നതാണെന്ന് ജില്ലാ പഞ്ചായത്ത് അറിയിച്ചതായുള്ള കത്ത് ലഭ്യമാക്കിയിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-30 ഐ.കെ എം വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല -₹80195 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രൊജക്ട് നമ്പർ, പേര്	7/24, ഐ.കെ എം വിഹിതം അടവാക്കൽ
അടങ്കൽ	₹80195 വികസനഫണ്ട് ജനറൽ
ചെലവ്, ബിൽ നമ്പർ / തീയ്യതി :	₹80195 , 47/07.07.2023

ഐ കെ എം വികസിപ്പിച്ച സോഫ്റ്റ് വെയർ സംവിധാനങ്ങളുടെ ഫലപ്രദമായ വിന്യാസത്തിനും മെയിന്റനൻസിനുമായി സർക്കാർ അനുവദിച്ച വികസനഫണ്ടിന്റെ 0.25% പ്രതിവർഷം ഐ കെ എം ന് അടച്ച് നൽകേണ്ടതുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഐ കെ എം എക്സിക്യൂട്ടീവ് ഡയറക്ടർക്ക് മേൽപറഞ്ഞ പ്രകാരം തുക നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 19/1-12-2024) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹80195 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

1-31 പലിശ രഹിത അക്കൗണ്ടിലലെ നീക്കിയിരിപ്പ് തുക എസ്.ബി അക്കൗണ്ടിലേക്ക് മാറ്റേണ്ടതാണ്

എസ് ബി ഐ യിൽ ഇ-പേമെന്റിനായി സെക്രട്ടറിയുടെ പേരിൽ ആരംഭിച്ച കറന്റ് അക്കൗണ്ടിൽ (അക്കൗണ്ട് നം. (37174367401) 31.03.2024 ൽ 2139184 രൂപ നീക്കിയിരിപ്പുണ്ട്. ഇത്രയും വലിയ തുക പലിശരഹിത അക്കൗണ്ടിൽ തുടരുന്ന സാഹചര്യത്തിൽ നാളിതുവരെ പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന്റെ സേവിംഗ് അക്കൗണ്ടിലേക്ക് മാറ്റുകയോ, ആയത് തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഇതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(15/01.12.2024) ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത അക്കൗണ്ടിൽ നിന്നും ഇടപാടുകൾ നടത്തിവരുന്നതായും 2023-24 സാമ്പത്തീക വർഷം തന്നെ വിവിധ ഇനങ്ങൾക്കായി 4433955 രൂപ ചെലവഴിച്ചതായും 30.11.2024 തീയതിയിൽ 1342133 രൂപയാണ് നീക്കിയിപ്പുള്ളതെന്നും അറിയിച്ചിട്ടുണ്ട്. എന്നിരുന്നാലും വലിയതുക പലിശ രഹിത അക്കൗണ്ടിൽ സൂക്ഷിച്ചതു മൂലം പഞ്ചായത്തിന് പലിശ ഇനത്തിൽ വലിയൊരു തുക വരുമാന നഷ്ടത്തിന് ഇടയായിട്ടുണ്ട്. തുക സേവിംഗ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-32 മാലിന്യ ശേഖരണവും സംസ്കരണവും - അവലോകനം

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 166-ാം വകുപ്പ് ഒന്നാം ഉപവകുപ്പ് പട്ടിക മൂന്ന് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളിൽ മാലിന്യ സംസ്കരണവും കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണവും ഉൾപ്പെട്ടിട്ടുള്ളതാണ്. നിലവിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സംരംഭമാണ് ഹരിതകർമ്മസേന.

ശുചിത്വ മാലിന്യ സംസ്കരണം, സുസ്ഥിര കൃഷി വികസനം, ജലവിഭവ സംരക്ഷണം എന്നിവ ഉൾക്കൊള്ളുന്ന ഹരിത കേരള മിഷൻ, ദാരിദ്ര്യ നിർമ്മാർജ്ജനവും സ്ത്രീ ശാക്തീകരണവും മുഖമുദ്രയാക്കി പ്രവർത്തിക്കുന്ന കുടുംബശ്രീ, ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി, പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നിവ സംയോജിപ്പിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ പ്രാവർത്തികമാക്കുന്ന ഈ പദ്ധതി തൊഴിൽ സംരംഭ ഗ്രൂപ്പുകളിലൂടെയാണ് നടപ്പിലാക്കുന്നത്.

സ.ഉ(ആർ.ടി)നം.1496/2020/തസ്വഭവ 12.08.2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രത്യേകമായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. മാലിന്യ സംസ്കരണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വങ്ങൾ വ്യക്തമാക്കികൊണ്ട് സ.ഉ(ആർ.ടി) നം.880/2021/തസ്വഭവ തീയതി 16.04.2021, സ.ഉ (ആർ.ടി) നം.949/2021/തസ്വഭവ തീയതി 05.05.2021 എന്നീ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുക എന്നതാണ് ഈ ക്യാമ്പയിന്റെ ഉദ്ദേശ്യ ലക്ഷ്യം. ആയതിലേക്കായി പൗരൻമാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഹരിത കർമ്മസേന, ഹരിത സഹായ സ്ഥാപനം, ക്ലീൻ

കേരള കമ്പനി, ഹരിത കേരള മിഷൻ എന്നിവയുടെ ചുമതലകൾ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

മേൽ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനായി 2023-24 വർഷത്തിൽ മാലിന്യ നിർമ്മാർജ്ജനം, മാലിന്യങ്ങളുടെ ഉറവിട സംസ്കരണം, ഹരിതകർമ്മസേനാംഗങ്ങൾക്ക് സൗകര്യമൊരുക്കൽ എന്നിവയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന സൂചകങ്ങളുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 01/21.10.2024 ന് നൃമാഹി ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

(I)അജൈവമാലിന്യം

I. ഹരിതകർമ്മസേനയുടെ പ്രവർത്തനം:

നൃമാഹി ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലായുള്ള ആകെ ജനസംഖ്യ 12553 ആണ്. പഞ്ചായത്തിലെ ആൾ താമസമുള്ള വീടുകളുടെ എണ്ണം 4452 ഉം സ്ഥാപനങ്ങളുടെ എണ്ണം 382 ഉം ആണ്. ഗ്രാമപഞ്ചായത്തിൽ 14 ഹരിതകർമ്മസേനാംഗങ്ങളാണ് നിലവിലുള്ളത്.
ഗ്രാമപഞ്ചായത്തിലെ വീടുകളെയോ സ്ഥാപനങ്ങളെയോ യൂസർ ഫീസ് ശേഖരിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടില്ല. ക്ലീൻ കേരള നൽകിയ കലണ്ടർ പ്രകാരം ചെരുപ്പ്, ബാഗ്, തുണികൾ, കുപ്പിച്ചില്ല്, സിമന്റ് ചാക്ക്, ടാർപോളിൻ ഷീറ്റ്, സ്ക്രാപ്പ്, ഇ-മാലിന്യങ്ങൾ എന്നിവ ശേഖരിച്ച് വരുന്നുണ്ട്. വീടുകളിലെ ജൈവ മാലിന്യങ്ങൾ അതാത് ഉറവിടങ്ങളിൽ തന്നെ സംസ്കരിക്കുന്നതിനായി പദ്ധതിയിൽ ഉൾപ്പെടുത്തി ബോക്കാഷി ബക്കറ്റ്, റിംഗ് കമ്പോസ്റ്റ് എന്നിവ വിതരണം ചെയ്തിട്ടുണ്ട്. അജൈവ മാലിന്യങ്ങൾ വീടുകൾ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും ശേഖരിച്ച് എം സി എഫിലേക്ക് മാറ്റുകയാണ് ചെയ്തു വരുന്നത്. പൊതു ശുചീകരണത്തിന്റെ ഭാഗമായി പാതയോരങ്ങൾ, പൊതു ഇടങ്ങൾ, ജലസ്രോതസ്സുകൾ എന്നിവിടങ്ങളിൽ നിന്നും ശേഖരിക്കുന്ന ലഗസി മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനി വഴി കൈയൊഴിയുകയാണ്ചെയ്യുന്നത്. മാലിന്യ സംസ്കരണ രീതികളെ കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനായി 2023-24 വർഷം 4 ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിയിട്ടുണ്ട്. ഹരിതകർമ്മസേനാംഗങ്ങൾക്ക് പ്രതിമാസം ശരാശരി 10000 രൂപ ലഭിക്കുന്നുണ്ട്. ഹരിതകർമ്മസേന മാസ വരുമാനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി പ്ലാസ്റ്റിക്ക് ബദൽ ഉൽപന്നം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സ്റ്റീൽഗ്ലാസ്സ് വാടകയ്ക്ക് നൽകുന്ന സംരംഭം ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഇനോക്കുലം നിർമ്മാണം, കാറ്ററിഗ് തുടങ്ങിയ സംരംഭങ്ങൾ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചതായി അറിയിച്ചിട്ടുണ്ട്. 2023-24 വർഷം ഹരിതകർമ്മസേനാംഗങ്ങൾക്ക് വേതനത്തിനായി വി.ജി.എഫ് ഉപയോഗിക്കേണ്ടി വന്നിട്ടില്ല. ഹരിതകർമ്മസേനാ പ്രവർത്തനങ്ങൾക്കായി ഒരു ഇലക്ട്രിക്ക് ഓട്ടോ ആണ് ഉള്ളത് വാഹനം ഓടിക്കുന്നതിന് ഹരിതകർമ്മസേനാംഗങ്ങൾക്ക് താല്പര്യമില്ലാത്തതിനാൽ പരിശീലനം നൽകിയിട്ടില്ല. എം.സി.എഫിനോടനുബന്ധിച്ച് ഹരിത കർമ്മസേനയ്ക്ക് ഓഫീസ് സൗകര്യം, കുടിവെള്ളം, ശുചിമുറി, എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. നിരത്തുകളിൽ/പൊതു ഇടങ്ങളിൽ മാലിന്യം തള്ളൽ, നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ഉപയോഗം എന്നിവയുമായി ബന്ധപ്പെട്ട് 4 പരാതികൾ ലഭിക്കുകയും പിഴയായി 15000 രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഹരിതകർമ്മസേനാംഗങ്ങൾക്ക് ഹരിത മിത്രം ആപ്പ് ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട പരിശീലനം കെൽട്രോൺ മുഖേനെ നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ ഹരിതകർമ്മ സേനാംഗങ്ങൾക്കും മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്തിൽ വെച്ച് 3 ദിവസത്തെ പരിശീലനവും നൽകിയിട്ടുണ്ട്. ഹരിതകർമ്മസേനകളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിന് എല്ലാ മാസവും പഞ്ചായത്ത് തലത്തിൽ അവലോകന യോഗം ചേരുകയും, നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. കൺസോർഷ്യം മീറ്റിംഗ് ചേർന്ന് പുരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ട്. ഹരിതകർമ്മ സേന വഴി ശേഖരിക്കുന്ന പുനരുപയോഗയോഗ്യമായ പ്ലാസ്റ്റിക്ക് ക്ലീൻ കേരള കമ്പനിക്ക് കൈമാറിയതു വഴി 2023-24 സാമ്പത്തിക വർഷത്തിൽ 136290 രൂപ ലഭിച്ചിട്ടുണ്ട്.

II. മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF)

നൃമാഹി ഗ്രാമപഞ്ചായത്തിൽ നിലവിൽ 1 എം.സി.എഫും, 18 മിനി എം.സി.എഫുകളുമാണ് ഉള്ളത്. എംസി എഫിൽ ബെയിലിംഗ് മെഷിൻ വെയിംഗ് മെഷീൻ എന്നിവ ഉണ്ട്. സ്റ്റോറേജ് ഏരിയ മെഷിനറി ഏരിയ, ഓഫീസ് സൗകര്യം, ശുചി മുറി, കുടിവെള്ള സൗകര്യം എന്നിവ നിലവിലുള്ള എം.സി.എഫിൽ ഉണ്ട്. ഗ്രാമപഞ്ചായത്തിന്റെ വാർഡ് 2 ആയ കരീക്കുന്നിൽ റോഡ് സൗകര്യമുള്ള സ്ഥലത്താണ് എം സി എഫ് പ്രവർത്തിക്കുന്നത്. എംസി എഫിന്റെ ആകെ വിസ്തൃതി 145 ചതുരശ്ര മീറ്ററാണ് ആയതിന്റെ 10% ടിപ്പിംഗ് ഏരിയയും, 25% സ്റ്റോറേജ് ഏരിയയും 25% മെഷിനറി ഏരിയയും 25% അന്തിമ സംഭരണ ഏരിയയുമാണ്. വാർഡുകളിലെ വിവിധ സ്ഥലങ്ങളിൽ നിന്നും തരംതിരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ മിനി എം.സി.എഫുകളിലേക്കും, 14 ദിവസം കൂടുമ്പോൾ മിനി എം.സി.എഫിൽ നിന്നും എം.സി.എഫിലേക്ക് എത്തിക്കുകയും ചെയ്യുന്നു. എ.സി.എഫിൽ നിന്നും ഓരോ മാസവും 2 ലോഡ് (ഏകദേശം 3100 കിലോ ഗ്രാം) തരം തിരിച്ച പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിക്ക് കൈമാറി വരികയും ചെയ്യുന്നുണ്ട്. അജൈവ മാലിന്യങ്ങൾ 1 മാസം വരെ അന്തിമ സംഭരണ ഏരിയയിൽ സൂക്ഷിക്കാൻ സാധിക്കും. മാലിന്യങ്ങൾ വാർഡുകളിൽ നിന്നും ഇനം തിരിച്ചാണ് എം.സി.എഫിൽ എത്തിക്കുന്നത്. തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി എം.സി.എഫിൽ ഫയർ എക്സ്റ്റിംഗ്വിഷർ സ്ഥാപിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം 13 വാർഡുകളിൽ നിന്നും യൂസർഫീ ഇനത്തിൽ ആകെ ₹1470309 ലഭിച്ചിട്ടുണ്ട്.

ഹരിത കർമ്മസേനാ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള ശുപാർശകൾ

* സമയബന്ധിതമായി മാലിന്യം കൈമാറ്റം ചെയ്യപ്പെടുന്നുവെന്ന് സ്ഥാപനതലത്തിൽ ഉറപ്പു വരുത്തേണ്ടതാണ്.
* ജൈവവളം നിർമാണം, കുടുംബശ്രീ മുഖേന പാഴ് വസ്തുക്കളുടെ റീസൈക്ലിംഗിനും മറ്റ് സംരംഭങ്ങൾ തുടങ്ങുന്നതിനുമുള്ള

പരിശീലനം, ധനസഹായം എന്നിവ മെച്ചപ്പെട്ട വരുമാനം പ്രദാനം ചെയ്യുന്നതിനായി പരിഗണിക്കാവുന്നതാണ്.

* പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നവർക്കെതിരെ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 220(C) അനുസരിച്ചുള്ള ശിക്ഷാ രീതികൾ കർശനമാക്കേണ്ടതാണ്.

* ഹരിത കർമ്മസേനാംഗങ്ങൾക്ക് ആരോഗ്യ പരിരക്ഷാ പദ്ധതികൾ, ഇ.എസ്.ഐ സൗകര്യം, നിശ്ചിത കാലയളവിൽ സൗജന്യ ആരോഗ്യ പരിശോധനകൾ എന്നിവ ഉറപ്പു വരുത്താവുന്നതാണ്.
* വിവാഹ സത്ക്കാരങ്ങൾ, ഉത്സവാഘോഷങ്ങൾ എന്നിവ ഹരിത പെരുമാറ്റ ചട്ടം (Green Protocol) പാലിക്കുന്നുവെന്ന് ഉറപ്പു വരുത്താൻ ഹരിതകർമ്മ സേനാംഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

* ഹരിതകർമ്മസേനാ പ്രവർത്തനങ്ങൾക്ക് ഈടാക്കുന്ന യൂസർഫീസ് ഒടുക്കാൻ വിസമ്മതിക്കുന്നവർക്കെതിരെ സ.ഉ.(സാധാ)നം. 789/2023/LSGD തീയതി 31.03.2023 ഉത്തരവ് പ്രകാരമുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്വീകരിക്കാവുന്നതാണ്.
* ഹരിതകർമ്മസേനാംഗങ്ങൾക്ക് വരുമാനദായകമായ സംരംഭങ്ങൾ തുടങ്ങാൻ ധനസഹായം അനുവദിക്കുന്ന പ്രൊജക്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.
* മാലിന്യങ്ങൾ/പാഴ് വസ്തുക്കൾ ഉറവിടത്തിൽ തരംതിരിക്കുന്നതിനായി വ്യത്യസ്ത നിറത്തിലുള്ള ബാസ്ക്കറ്റുകളോ, ബിന്നുകളോ, ചാക്കുകളോ ഉപഭോക്താക്കൾക്ക് നൽകാവുന്നതാണ്.
* നാപ്കിനുകൾ, സാനിട്ടറി പാഡുകൾ എന്നിവ സംസ്കരിക്കുന്നതിനായി ഇൻസിനറേറ്ററുകൾ സ്ഥാപിക്കാവുന്നതാണ്.
* പൊതു ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്താവുന്നതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെവിവരം

വർഷം	സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/ തീയതി
2023-24	01-12-2024 & 02-12-2024	കെ.എസ്.എ/കെ.എൻ.ആർ/സി9/1811/2024 തീയതി: 19-12-2024.

4-2 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിവരങ്ങൾ

ക്രമ നമ്പർ	വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക	പദ്ധതിയുടെ പേര് നമ്പർ	ചെലവഴിച്ച തുക	നീക്കിയിരിപ്പ്
1	തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത്	487616	കരിയിൽ പയറ്റ റോഡ് ഇന്റർലോക്ക് (140/24)	487616	0
2	തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത്	289828	പെരുമുണ്ടേരി മഠം ശ്രീദേവി വീട് വരെ കോൺക്രീറ്റ് (36/24)	289828	0
3	തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത്	12370	പാലിന് ഇൻസന്റീവ് (42/24)	12370	0
4	തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത്	162720	ഭിന്നശേഷി സ്കോളർഷിപ്പ് (16/24)	162720	0
5	തലശ്ശേരി ബ്ലോക്ക്	802931	ലൈഫ് ഭവന പദ്ധതി 2020	802931	0

	പഞ്ചായത്ത്		(93/24)		
	ആകെ	**1755825**		**1755825**	
1	ജില്ലാ പഞ്ചായത്ത്	75270	ഭിന്നശേഷി സ്കോളർഷിപ്പ് (16/24)	75270	0
2	ജില്ലാ പഞ്ചായത്ത്	10,000	പാലിന ഇൻസന്റീവ് (42/24)	10,000	0
	ആകെ	**85270**		**85270**	
1	കണ്ണൂർ കോർപ്പറേഷൻ	1173680	പ്ലാസ്റ്റിക് ശേഖരണ കേന്ദ്രം നിർമ്മിക്കൽ (138/24)	1173680	0

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	ബിൽ/ വൗച്ചർ /ചെക്ക് നമ്പർ	തുക	ചെലവഴിച്ച തുക	പൂർത്തീകരിച്ച വിവരം	ചെലവഴിക്കാൻ ബാക്കിയുള്ളതുക
KSEB	തെരുവുവിളക്ക് ഇല്ലാത്ത സ്ഥലങ്ങളിൽ സ്ട്രീറ്റ്ലൈറ്റിനു വേണ്ടി ലൈൻ വലിക്കൽ മെയിൻ സ്ഥാപിക്കൽ	366/7-03-2024	467454	467454	പൂർത്തീകരിച്ചു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി.	ഇല്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

4-5 വായ്പ/വായ്പാതിരിച്ചടവ്

വായ്പ ഇനം	ലഭിച്ച തുക	ഉത്തരവ്	മുൻവർഷാരംഭത്തിൽ തിരിച്ചടക്കാൻ ഉണ്ടായ തുക	ഒടുക്കിയ തുക		നീക്കിയിരിപ്പ്
				തുക	പലിശ	
KURDFC	15,40,000	ലഭ്യമല്ല	8,24,917	231082	0	593835

4-6 സ്ഥിരനിക്ഷേപങ്ങൾ

മുന്നിരിപ്പ്	23,37,247
തൻവർഷം നിക്ഷേപിച്ചത്	2,96,823
ആകെ	26,34,070
തൻവർഷം പിൻവലിച്ചത്	ഇല്ല
വർഷാവസാനം നീക്കിയിരിപ്പ്	26,34,070

വർഷാവസാനം നീക്കിയിരിപ്പുള്ള സ്ഥിരനിക്ഷേപത്തിന്റെ വിവരം

ക്രമ നമ്പർ	സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി	തുക
1	തലശ്ശേരി കോ ഓപ്പറേറ്റീവ് റൂറൽ ബാങ്ക് ലിമിറ്റഡ് ഡെപ്പോസിറ്റ് നമ്പർ 005001077443/30-6-2021	26,24,070
2	മലബാർ ടൂറിസം ഡവലപ്പ്മെന്റ് ഓപ്പറേറ്റീവ് ലിമിറ്റഡ് ഷെയർ സർട്ടിഫിക്കറ്റ് നമ്പർ 189/8-10-2004	10,000
	ആകെ	26,34,070

4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിച്ച 2,990രൂപയുടെ വിശദ വിവരം താഴെ കൊടുക്കുന്നു

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഭാഗം /ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേര്	രശീത് നമ്പർ/ തീയ്യതി
2022-23	1-21	2990	ദിനേശൻ പി. കോൺടാക്ടർ	1230103302/13-03-2024

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1998-99	31	2002-03	VII.13.11	പഞ്ചായത്ത് ഫണ്ട് പൊതു മരാമത്ത് -അപാകത	പരാമർശം നിലനിൽക്കുന്നു
2014-15	2-5	2016-17	2	തൊഴിൽ നികുതി	പരാമർശം നിലനിൽക്കുന്നു
2016-17	2-6	2017-18	1.13.9	CRZ പരിധിയിലെ അനധികൃത കെട്ടിട നിർമ്മാണം	പരാമർശം നിലനിൽക്കുന്നു

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	28255142
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	30590137
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	1394233

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-19	30,000	ശ്രീ രാഹുൽ ടി.ആർ. കൃഷി ഓഫീസർ
1-20	74,992	ശ്രീ രാഹുൽ ടി.ആർ. കൃഷി ഓഫീസർ

1-22	1,49,996	ഡോ.സഹിന എ.കെ., മെഡിക്കൽ ഓഫീസർ
1-23	38,850	ശ്രീ ഭരതൻ കെ., ഹെഡ്മാസ്റ്റർ
1-24	20,200	ശ്രീ ഭരതൻ കെ., ഹെഡ്മാസ്റ്റർ
1-28	9,00,000	ശ്രീമതി ലസിത കെ.എ., സെക്രട്ടറി
1-29	1,00,000	ശ്രീമതി ലസിത കെ.എ., സെക്രട്ടറി
1-30	80,195	ശ്രീമതി ലസിത കെ.എ., സെക്രട്ടറി
ആകെ	13,94,233	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി ലസിത കെ.എ., സെക്രട്ടറി	സെക്രട്ടറി, നൃമാഹി ഗ്രാമപഞ്ചായത്ത്	കണിയാന്റെപൊയിൽ വീട്, ടെമ്പിൾ ഗേറ്റ്(പി.ഒ.), തലശ്ശേരി.
ഡോ. സഹിന എ. കെ., മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി	സൂപ്രണ്ട്, താലൂക്ക് ആശുപത്രി, പേരാവൂർ	ശ്രീരാമപുരം, ടെമ്പിൾ ഗേറ്റ്(പി.ഒ.), തലശ്ശേരി.
ശ്രീ. ഭരതൻ കെ., , ഹെഡ് മാസ്റ്റർ	ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ്., ഗോപാൽപേട്ട, തലശ്ശേരി.	കതിരുമ്മൽ വീട്, കൊഴുമ്മൽ(പി.ഒ.), കണ്ണൂർ-670521
ശ്രീ രാഹുൽ ടി.ആർ, കൃഷിഓഫീസർ	കൃഷി ഓഫീസർ, നൃമാഹി	തോരമംഗലം വീട്, വള്ളുവാടി (പി.ഒ.), സുൽത്താൻ ബത്തേരി

4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1997-98	നം.കെ.എസ്.എ/കെ.എൻ.ആർ/സി.7/1392/2022 തീയതി: 15.12.2022	5
1998-99	നം.കെ.എസ്.എ/കെ.എൻ.ആർ/സി.7/1392/2022 തീയതി: 15.12.2022	8
2000-01 പ്ലാൻ	നം.കെ.എസ്.എ/കെ.എൻ.ആർ/സി.7/1392/2022 തീയതി: 15.12.2022	4
2002-03	നം.കെ.എസ്.എ/കെ.എൻ.ആർ/സി.7/1392/2022 തീയതി: 15.12.2022	3
2006-07	നം.കെ.എസ്.എ/കെ.എൻ.ആർ/സി.7/1392/2022 തീയതി: 15.12.2022	7
2007-08	നം.കെ.എസ്.എ/കെ.എൻ.ആർ/സി.7/1392/2022 തീയതി: 15.12.2022	1
2008-09	നം.കെ.എസ്.എ/കെ.എൻ.ആർ/സി.7/1392/2022 തീയതി: 15.12.2022	1

2009-10	നം.കെ.എസ്.എ/കെ.എൻ.ആർ/സി.7/1392/2022 തീയതി: 15.12.2022	1
2010-11	നം.കെ.എസ്.എ/കെ.എൻ.ആർ/സി.7/1392/2022 തീയതി: 15.12.2022	1
2011-12, 2012-13	നം.കെ.എസ്.എ/കെ.എൻ.ആർ/സി.7/1392/2022 തീയതി: 15.12.2022	1
2013-14, 2014-15	നം.കെ.എസ്.എ/കെ.എൻ.ആർ/സി.7/1392/2022 തീയതി: 15.12.2022	3
2016-17	നം.കെ.എസ്.എ/കെ.എൻ.ആർ/സി.7/1392/2022 തീയതി: 15.12.2022	3
2017-18	നം.കെ.എസ്.എ/കെ.എൻ.ആർ/സി.7/1392/2022 തീയതി: 15.12.2022	12
2018-19	നം.കെ.എസ്.എ/കെ.എൻ.ആർ/സി.7/1392/2022 തീയതി: 15.12.2022	7
2019-20	നം.കെ.എസ്.എ/കെ.എൻ.ആർ/സി.7/305/2022 തീയതി: 5.5.2022	16
2020-21	നം.കെ.എസ്.എ/കെ.എൻ.ആർ/സി.7/915/2022 തീയതി: 26.7.2022	23
2021-22	കെ.എസ്.എ/കെ.എൻ.ആർ/സി.7/300/2023 Dt28.3.2023	15
2022-23	നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.7/1989/2023(1) തീയതി: 26/3/2024	54

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ.

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number 99/2024 dated 20-06-2024 and submitted on 18-07-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the New Mahe Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of New Mahe Grama Panchayat as on 31-03-2024

Date: 19/12/2024

Deputy Director
District Office Kannur
Kerala State Audit Department

Audit Report appended to the Audit Certificate of New Mahe Grama Panchayat for the Year 2023-2024 .

1.Major Observations

Nil

2.Other Observations

1) Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

2) The mandatory financial statements prescribed in accounting rules are not submitted for audit.

3) Balance under CFC grant Schedule B-4 does not match with the balance under Schedules B-17 and RP, 40(b)

4) The Asset value shown in balance sheet is not traceable to Asset Register as it is not updated.

5) Tenderform Sales Register is not maintained and submitted for Audit

6) Amount used for asset creation using specific grant account not trasferred to capital contribution and treated as revenue income.

7)The Amount Shown as liability in respect of stale cheques (B-9 Schedule) have not been credited to Panchayat Own Fund account

8) Opening balance and clossing balance of loan amount in Annual Financial Statement And Loan register does not match

9) The amount shown as Capital work in progress in schedule B-11(b) shows the same balance of previous year.

8) Lapses in making timely and accurate demand entries in respect of tax and non tax revenue.

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ന്യൂ മാഹി ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം 3

ധനകാര്യപത്രികകൾ

1.റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

New Mahe Grama Panchayat RECEIPT & PAYMENT STATEMENT For the period from 01-April-2023 to 31-March-2024			
Code.No	Description of Items	Schedule No	Amount
	RECEIPTS		
	Opening Balance		
Bank	Bank	RP-40(a)	20505676.00
Cash	Cash	RP-40(a)	0.0
	Operating		
110000000	Tax Revenue	RP-1	702590.00
130000000	Rental income from Panchayat Properties	RP-3	7915.00
140000000	Fees & User Charges	RP-4	1906670.00
150000000	Sale & Hire Charges	RP-5	138450.00
160000000	Revenue Grants, Funds, Contributions & Compensations	RP-7	7493400.00
171000000	Interest Earned	RP-9	394287.00
210000000	Establishment Expenses	RP-12	0.0
311000000	Earmarked Funds	RP-28	4961.00
320000000	Grants, Funds & Contributions for Specific Purposes	RP-30	11121970.00
431000000	Sundry Debtors (Receivables)	RP-45	5593415.00
460000000	Loans, Advances and Deposits	RP-49	245190.00
	Non Operating		
180000000	Other Income	RP-10	2990.00
340000000	Deposits Received	RP-33	92933.00

350000000	Other Liabilities	RP-35	550371.00
	Grand total		**48760818.00**
	PAYMENTS		
	Operating		
320000000	Grants, Funds & Contributions for Specific Purposes	RP-30	3554.00
431000000	Sundry Debtors (Receivables)	RP-45	4384971.00
460000000	Loans, Advances and Deposits	RP-49	756729.00
	Non Operating		
340000000	Deposits Received	RP-33	30140.00
350000000	Other Liabilities	RP-35	25414743.00
	Closing Balance		
Bank	Bank	RP-40(b)	18041163.00
Cash	Cash	RP-40(b)	129518.00

2. ഇൻകം&എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

New Mahe Grama Panchayat INCOME & EXPENDITURE STATEMENT For the period from 01-April-2023 to 31-March-2024			
Code.No	Description of Items	Schedule No	Amount
	INCOME		
110000000	Tax Revenue	I-1	3870178.00
120000000	Assigned Revenues, Shared Taxes and Compensations (BLOCKED)	I-2	0.0
130000000	Rental Income from Panchayat / Municipal Properties	I-3	996805.00
140000000	Fee & User Charges	I-4	2140591.00
150000000	Sale & Hire Charges	I-5	138450.00

160000000	Revenue Grants, Funds, Contributions & Compensations / Subsidies	I-6	69766388.00
170000000	Income from Investments	I-7	296823.00
171000000	Interest Earned	I-8	394287.00
180000000	Other Income	I-9	2990.00
	Total Income		**77606512.00**
	EXPENDITURE		
210000000	Establishment Expenses	I-10	10217281.00
220000000	Administrative Expenses	I-11	735466.00
230000000	Operations & Maintenance	I-12	2052193.00
240000000	Interest & Finance Charges	I-13	399.00
250000000	Decentralised Plan Programme-Productive Sector / Programme Expenses	I-14	3187751.00
251000000	Decentralised Plan Programme-Service Sector	I-14(A)	16630400.00
252000000	Decentralised Plan Programme-Infrastructure Sector	I-14(B)	3300013.00
253000000	Decentralised Plan Programme-Projects not included in Sector Division	I-14(C)	4278952.00
254000000	Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme)	I-14(D)	31105000.00
255000000	Maintenance Projects	I-14(E)	0.0
256000000	Other Revenue Grants and Funds - Revenue Expenses	I-14(F)	414454.00

260000000	Grants, Contributions & Compensation from Own Fund / Subsidies	I-15	0.0
270000000	Provisions and Write off	I-16	0.0
271000000	Miscellaneous Expenses on Disposal of Assets and Investments	I-17	0.0
272000000	Depreciation	I-17(A)	5836994.00
	Total Expenditure		**77758903.00**
	Gross Surplus / Deficit of income over Expenditure before prior period items		**-152391.00**
190000000	Prior period income	I-19	-4547
290000000	Prior period expense	I-18	-57771
D	Net difference (I-19 - I-18)		-53224
	Gross Surplus / Deficit of income over Expenditure after prior period items		**-99167.00**
290000000	Transfer to Reserve Funds/Prior Period Item(ILGMS)		
	Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)		

3.ബാലൻസ് ഷീറ്റ്

New Mahe Grama Panchayat BALANCE SHEET **As on 31-03-2024**

Code.No	Description of Items	Schedule No	Amount
	LIABILITIES		
	Reserve & Surplus		
310000000	Panchayat / Municipal Fund	B-1	26633472.00
311000000	Earmarked Funds - Special Funds/Sinking Fund/Trust or Agency Fund	B-2	78543.00
312000000	Reserves	B-3	22619597.00
	Total Reserve & Surplus		**49331612.00**
	Grants, Contributions for Specific Purposes		
320000000	Grants, Funds & Contribution for Specific Purposes	B-4	8693470.00
	Total Grants, Contributions for Specific Purposes		**8693470.00**
	Loans		
330000000	Secured Loans	B-5	607785.00
331000000	Unsecured Loans	B-6	0.0
	Total Loans		**607785.00**
	Current Liabilities & Provisions		
340000000	Deposits Received	B-7	892474.00
341000000	Deposits Works	B-8	0.0
350000000	Other Liabilities	B-9	1648079.00
360000000	Provisions	B-10	0.0
	Total Current Liabilities and Provisions		**2540553.00**
	TOTAL LIABILITIES		**61173420.00**
	ASSETS		

	Fixed Assets		
410000000	Fixed Assets	B-11	293606.00
412000000	Capital Work in Progress	B-11(b)	412394.00
413000000	Annual Plan - Capital Expences (Productive Sector)	B11-(c)	20525.00
414000000	Annual Plan - Capital Expences (Service Sector)	B11-(d)	17635763.00
415000000	Annual Plan - Capital Expences (Infrastructure Sector)	B11-(e)	38918516.00
416000000	Accumulated Depreciation	B-11(a)	-22454868.00
	Total Fixed Assets		**34825936.00**
	Investments		
420000000	Investments-General Fund	B-12	2634070.00
421000000	Investments - Other Funds / Sundry Debtors	B-13	0.0
	Total Investments		**2634070.00**
	Current Assets, Loans and Advances		
430000000	Stock-in-hand	B-14	72384.00
431000000	Sundry Debtors (Receivables)	B-15	4412425.00
432000000	Accumulated Provisions Against Debtors (Receivables)	B-15(a)	0.0
440000000	Pre-paid Expenses	B-16	0.0
450000000	Cash and Bank Balance	B-17	18170681.00
460000000	Loans, Advances and Deposits	B-18	1057924.00
461000000	Accumulated Provisions against Loans,Advances and Deposits	B-18(a)	0.0
	Total Current Assets, Loans and Advances		**23713414.00**
	Other Assets		

470000000	Other Assets	B-19	0.0
	Total Other Assets		**0.0**
	Miscellaneous Expenditure (To the Extent not written off)		
480000000	Miscellaneous Expenditure to be written off	B-20	0.0
	Total Miscellaneous Expenditure (To the Extent not written off)		**0.0**
	TOTAL ASSETS		**61173420.00**

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.